12th YEAR
# വേദാഭിമാനി
Vol.12 | No.5 | കാർത്തികപ്പള്ളി | R.No. 7361/02 | 2012 MAY
വേദപുസ്തക സത്യത്തിലേക്ക് ഒരു ജാലകം : സത്യത്തിന് സാക്ഷി




ഉയരത്തിന്റെ കാര്യത്തിൽ ദുബായിലെ ബുർജ് ഖലീഫ എന്ന കെട്ടിടത്തെ വെല്ലാനുള്ള ശ്രമത്തിലാണ് ചൈനയിലെ ഷാങ്ഹായ് ടവർ. 128 നിലകളിലായി 2000 അടിയിലേറെ ഉയരമുള്ള ഈ കെട്ടിടത്തിനായി അതിവേഗ എലിവേറ്ററുകൾ (ലിഫ്റ്റ്) ഒരുക്കുകയാണ് ജപ്പാനിലെ മിത്സുബിഷി കമ്പനി. ഇപ്പോൾ ലഭ്യമായ ഏറ്റവും വേഗമേറിയ എലിവേറ്ററുകളെക്കാളും ഇരട്ടി വേഗത്തിൽ സഞ്ചരിക്കുന്നവയാവും ഇവ. അൾട്രാ ഹൈ സ്പീഡ് എലിവേറ്ററുകളാണ് കെട്ടിടത്തിനായി മിത്സുബിഷി ഒരുക്കുന്നത്.

## ആടിനും വേണം പിസ



ന്യൂയോർക്ക് മാൻഹട്ടണിലെ പ്രസിദ്ധമായ ലാ ഫാമിങ്ല പിസേറിയ, തീൻമേശകളിൽ അത്താഴവിഭവങ്ങൾ നിരന്നു തുടങ്ങിയിരുന്നു. പിസ കഴിക്കാനെത്തുന്നവരുടെ തിരക്ക് കൂടിവന്നു. പെട്ടെന്ന് ഒരു സ്ത്രീയ്ക്കും പുരുഷനുമൊപ്പം ഒരാട് അവിടേക്കു കടന്നുവന്നു. ഡിന്നർ വിഭവങ്ങളിൽ നിന്ന് എല്ലാവരുടെയും ശ്രദ്ധ ആടിലേക്കായി.

സ്ത്രീയും പുരുഷനും തീൻമേശയ്ക്കു ചുറ്റും ഇരുപ്പുറപ്പിച്ചു. ആടും അവർക്കൊപ്പം മേശയ്ക്കു സമീപം നിന്നു. വിളമ്പുകാരൻ പാത്രങ്ങളിൽ പിസ നിരത്തി. സ്ത്രീപുരുഷന്മാരോടൊപ്പം ആടും പിസ അകത്താക്കാൻ തുടങ്ങി. പിസേറിയയിലെത്തിയവർ ഒരു നിമിഷം സ്തബ്ധരായി. ആട് രണ്ടു കാലുകൾ ഉയർത്തി തീൻമേശയിൽ വച്ചിരുന്നു. ഇതിനിടെ ആരോ ഒരാൾ പിസ കഴിക്കുന്ന ആടിന്റെ ചിത്രം പകർത്തി. ടിറ്ററിൽ പോസ്റ്റ് ചെയ്തു. സംഭവം ലോകമറിഞ്ഞു. ഇതാദ്യമായല്ല ലാ ഫാമിങ്ല പിസേറിയ വർത്തകളിൽ ഇടം നേടുന്നത്.

## ട്രെയിൻ കോട്ടേജ്




തീവണ്ടിയോടുള്ള കമ്പം മൂത്ത് ഔട്ട്ഹൗസ് റെയിൽവേ സ്റ്റേഷൻ മാതൃകയിൽ ഡിസൈൻ ചെയ്ത് ജോൺ ഗാർഡ്മെർ എന്ന ഇംഗ്ലീഷുകാരൻ ശ്രദ്ധേയനാകുന്നു. പൊടിപിടിച്ചു കിടന്നിരുന്ന ഔട്ട്ഹൗസ് ചെറിയൊരു റെയിൽവേസ്റ്റേഷനാക്കി മാറ്റി. റെയിൽവേയെ വിഷയമാക്കിയാണ് വിശ്രമസങ്കേതം നിർമിച്ചിരിക്കുന്നത്. ലഗേജ് റാക്കുകൾ, പ്രവർത്തനക്ഷമമായ സിഗ്നൽ സംവിധാനം, പ്ലാറ്റ്ഫോം എല്ലാം തീവണ്ടിവീട്ടിൽ ഒരുക്കിയിരിക്കുന്നു.

ട്രെയിൻ ബോഗിയുമായി രൂപസാദൃശ്യമുള്ള ഔട്ട് ഹൗസിലാണ് 64 വയസുള്ള ഗാർഡ്നെർ അധികസമയവും ചെലവഴിക്കുന്നത്. റെയിൽവേ മാസികകൾ, റെയിൽവേയുമായി ബന്ധമുള്ള വീഡിയോ ദൃശ്യങ്ങൾ എന്നിവയെല്ലാം ഇവിടെ ശേഖരിച്ചു സൂക്ഷിച്ചിരിക്കുന്നു. പ്രവർത്തനക്ഷമമായ സിഗ്നലിനും ഇവിടെ ഉപയോഗമുണ്ട്. ചായ ആവശ്യമെന്നു തോന്നുമ്പോൾ ഗാർഡ്നെർ സിഗ്നൽ പ്രവർത്തിപ്പിക്കും. ലൈറ്റ് തെളിയുന്നതോടെ കാര്യം ഗ്രഹിക്കുന്ന ഭാര്യ 57-കാരി ഗിൽഡേ ആവി പറക്കുന്ന ചായയുമായെത്തും.

സുഹൃത്തുക്കളുടെ സഹായത്തോടെ ആറാഴ്ചകൊണ്ടാണ് ഗാർഡ്നർ ട്രെയിൻ കോട്ടേജ് നിർമിച്ചത്. ആറടിയിലേറെ പൊക്കം ഇതിനുണ്ട്. അകവും പുറവും റെയിൽവേ കോച്ചിനോട് സദൃശമായ രീതിയിൽ രൂപപ്പെടുത്തിയിരിക്കുന്നു. തീവണ്ടിയുടെ ചെറിയ ഒരു മാതൃകയും അവിടെയുണ്ട്. കുഷനുകളുടെ കവറുകളിൽ ആവി എൻജിന്റെ ചിത്രം ആലേഖനം ചെയ്തിരിക്കുന്നു. ദക്ഷിണ റെയിൽവേ എന്ന് വലിയ അക്ഷരങ്ങളിൽ വീടിനു മുകളിൽ എഴുതിയിരിക്കുന്നു.

## ലോറയുടെ സാഹസം



പതിനാറാം വയസ്സിൽ കടലിലൂടെ തനിച്ച് ലോകം ചുറ്റുക! നെതർലാൻഡ്സുകാരിയായ ലോറ ഡെക്കർ ആണ് ഈ അപൂർവ്വ നേട്ടത്തിനുടമ. ഗപ്പിയെന്ന സെയിൽ ബോട്ടിൽ 2010 ആഗസ്തിലാണ് ലോറ തന്റെ യാത്ര തുടങ്ങിയത്. ആഴക്കടലിനെയും പ്രതികൂല കാലാവസ്ഥയേയും നേരിട്ട് ലോറ പര്യടനം പൂർത്തിയാക്കിയെങ്കിലും ഉലകം ചുറ്റുന്ന ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയായി അവളെ അംഗീകരിക്കാൻ കഴിയില്ലെന്ന നിലപാടിലാണ് ഗിന്നസ്ബുക്ക് അധികൃതർ. പ്രായം കുറഞ്ഞ നാവികരെ അംഗീകരിക്കാൻ തുടങ്ങിയാൽ അപകടം വരുത്തിവയ്ക്കുന്ന സാഹസികതകൾ കുട്ടികൾ ചെയ്തുകളയുമെന്നു ഭയന്നാണ് ഈ തീരുമാനം.

## വഴിമാറുന്ന പഠനം



ക്ലാസ്സുമുറികളില്ല, പരീക്ഷയില്ല, ഗ്രേഡുമില്ല. പഠനം മൊബൈൽ ഫോണും കമ്പ്യൂട്ടറും ഇ-റീഡറുകളും ഉപയോഗിച്ച്. എന്തു രസമായിരിക്കും അല്ലേ? സ്വീഡനിലെ ഫ്രീ സ്കൂൾ ഓർഗനൈസേഷനായ വിട്രോ ആണ് ഈ സ്കൂളിനു പിന്നിൽ. ഇത്തരത്തിലുള്ള 30 സ്കൂളുകളാണ് സ്വീഡനിൽ



ഇപ്പോൾ പ്രവർത്തിക്കുന്നത്. ഇവയിലെ പഠനം തികച്ചും സൗജന്യമാണെന്നതാണ് മറ്റൊരു സവിശേഷത.





# നമ്മുടെ പ്രാർത്ഥന

ഒരിക്കൽ പ്രശസ്തരായ ചില വേദജ്ഞാനികൾ പഠിക്കാനും പ്രാർത്ഥിക്കാനുമായി ഒരുമിച്ചുകൂടി. പ്രാർത്ഥനാസമയം അടുത്തപ്പോൾ “നമ്മൾ എന്തിനുവേണ്ടിയാണ് പ്രാർത്ഥിക്കേണ്ടത്? എന്നതു സംബന്ധിച്ച് തർക്കമുണ്ടായി. ഒടുവിൽ ആശ്രമത്തിലെ പാചകക്കാരൻ തർക്കത്തിൽ ഇടപെട്ടുകൊണ്ട് പറഞ്ഞത്രേ “ദൈവത്തെ ആവശ്യപ്പെടുക. ദൈവത്തെ സ്വന്തമാക്കിയാൽ എന്തുവേണമെങ്കിലും ചോദിക്കാമല്ലോ”.

പ്രാർത്ഥനയെക്കുറിച്ച് പഠിച്ചും പഠിപ്പിച്ചും എത്രയോ സമയം നാം ചെലവാക്കി. പ്രാർത്ഥിച്ചു പ്രാർത്ഥിച്ച് നാം എന്തു നേടി. ദൈവത്തോടടുത്തോ? അതോ ദൈവത്തിൽ നിന്നകന്നോ? ദൈവത്തെയോ, ലോകത്തെയോ എന്താണ് നാം സ്വന്തമാക്കിയത്. സത്യംപറഞ്ഞാൽ വേണ്ടുംപോലെ പ്രാർത്ഥിക്കേണ്ടതു എന്തെന്നു നാം അറിയുന്നില്ല (റോമർ 8:26). മത്തായി 20:20–28 വരെ ശ്രദ്ധിച്ചു വായിക്കുക. യാക്കോബിനും യോഹന്നാനും മോശമായ ആഗ്രഹങ്ങൾ ഉണ്ടായിരുന്നു. അവർ പ്ലാൻ തയ്യാറാക്കി; അതു ബാലിശമായിരുന്നു; അതു തെറ്റായിരുന്നു; അതു മറ്റുള്ളവരെ വ്യണപ്പെടുത്തുന്നതായിരുന്നു.

ഇയ്യോബിനു പ്രയാസപ്പെട്ട പാഠം പഠിക്കണമായിരുന്നു. ദൈവവുമായി വാദിക്കാമെന്നാണ് അവൻ വിചാരിച്ചത്! അവന്റെ വായിൽ നിറയെ വാദഗതികളായിരുന്നു. പിന്നെ ദൈവം വന്നു! ദൈവം ചോദിക്കുവാൻ തുടങ്ങി. ജീവിതത്തെക്കുറിച്ചുള്ള ദൈവത്തിന്റെ അടിസ്ഥാനപരമായ ചോദ്യങ്ങൾക്കുപോലും ഉത്തരം പറയാൻ ഇയ്യോബിനു കഴിഞ്ഞില്ല. ഇയ്യോബ് മാനസാന്തരപ്പെട്ടു (ഇയ്യോബ് 40:3–5; 42:1–6). ഇയ്യോബ് തന്റെ പാഠം നന്നായി പഠിച്ചു. പ്രാർത്ഥനയെ ബാലിശമായ അപേക്ഷയാക്കി ചുരുക്കരുതെന്ന പാഠം യാക്കോബും യോഹന്നാനും പഠിക്കണമായിരുന്നു. പ്രാർത്ഥനയുടെ നേട്ടത്തെ ചൂഷണം ചെയ്യരുത്. ദൈവത്തെ സ്വന്ത താൽപര്യത്തിനായി സ്വാധീനിക്കരുത്. പ്രാർത്ഥനയിൽ നാം ദൈവത്തെ ഉപയോഗിക്കുവാനല്ല, മറിച്ച് ദൈവത്തെ അറിയുവാനാണ് ആഗ്രഹിക്കേണ്ടത്! ദൈവത്തെ കൂടാതെ നമുക്ക് ദൈവശക്തിയോടു അടുക്കുവാൻ സാധിക്കില്ല. നാം ദൈവത്തിലാണോ അതോ നമ്മുടെ വിഗ്രഹാർപ്പിത പ്രാർത്ഥനയിലാണോ വിശ്വസിക്കുന്നത്? നാം ദൈവത്തിൽ വിശ്വസിക്കുകയാണെങ്കിൽ, പ്രാർത്ഥിച്ചു ശാന്തമായി കാത്തിരിക്കും. മനുഷ്യനു ദൈവമാണ് ആവശ്യം... അല്ലാതെ വിശദീകരണങ്ങളല്ല. മനുഷ്യന്റെ ചെറിയ തലച്ചോറിൽ ഒതുങ്ങുന്നതല്ല വിശദീകരണങ്ങൾ. ദൈവം ഇയ്യോബിനോട് ഒന്നും വിശദീകരിച്ചില്ല എന്നാൽ അവൻ വന്നു! ഇയ്യോബിനു ഉത്തരങ്ങളല്ല ദൈവമായിരുന്നു ആവശ്യം. നമുക്കും ദൈവമാണ് ആവശ്യം.

ദൈവത്തിൽനിന്നു നമുക്കു കിട്ടുന്നതല്ല, നമ്മിൽനിന്നു ദൈവത്തിനു കിട്ടുന്നതാണ് വിജയകരമായ പ്രാർത്ഥന. ആ നിരീക്ഷണം നമ്മുടെ പ്രാർത്ഥനാ ജീവിതത്തിൽ പ്രാധാന്യമുള്ളതാണ്. നമുക്ക് നന്നായി തോന്നേണ്ടതിനല്ല പ്രാർത്ഥന രൂപപ്പെടുത്തിയിരിക്കുന്നത് മറിച്ച് അതു നമ്മെ താഴ്മയുള്ളവരാക്കി തീർക്കേണ്ടതിനത്രേ. സമർപ്പണത്തിനും ശുദ്ധീകരണത്തിനുമുള്ളതാണ് പ്രാർത്ഥന. പ്രാർത്ഥനയിൽ നമ്മിലുള്ള ഏറ്റവും നല്ലതു പുറത്തുവരുവാനാണ് ദൈവം ആഗ്രഹിക്കുന്നത്! യാക്കോബിനെയും യോഹന്നാനെയും യേശു ഇടിമക്കൾ എന്നാണ് വിളിച്ചിരുന്നത് (മർക്കൊസ് 3:17). അവർ അറിയപ്പെട്ടിരുന്നതിൽനിന്നു കാലവും പക്വതയും അവരെ മാറ്റി. രക്തസാക്ഷിയായി തീർന്ന ആദ്യ അപ്പൊസ്തലനായിരുന്നു യാക്കോബ്. യോഹന്നാൻ സ്നേഹത്തിന്റെ വിശ്വസ്തനായ അപ്പൊസ്തലനായിത്തീർന്നു. ഒരിക്കൽ നാം ആഗ്രഹിച്ചിരുന്നതിലേക്ക്, ആത്മാർത്ഥമായി ഒന്നു തിരിഞ്ഞുനോക്കിയാൽ നമുക്കു ഭയമുണ്ടാകും. ഒരിക്കൽ നാം അതിയായി ആഗ്രഹിച്ചിരുന്നതു ഇപ്പോൾ തിരിച്ചടി ആകുമായിരുന്നു. പ്രാർത്ഥന നമ്മെ മാറ്റുന്നത് അതു നമ്മെ പക്വതയിലെത്തിക്കുന്നതുകൊണ്ടാണ്.

ചില മാതാപിതാക്കൾ തങ്ങളുടെ മക്കൾക്കു ചോദിക്കുന്നതെല്ലാം നല്കാറുണ്ട്. അങ്ങനെയുള്ള കുട്ടികൾ പ്രായപൂർത്തിയെത്തുമ്പോൾ, യഥാർത്ഥ ജീവിതത്തിനു തയ്യാറെടുക്കാതിരിക്കും. ദൈവം സമ്മാനങ്ങൾ നല്കുന്ന സാൻടാക്ളോസ് അല്ല. ഉത്തരവാദിത്വമില്ലാത്ത ആഗ്രങ്ങൾ അനുവദിച്ചുകൊടുക്കുന്നതു ഹാനികരമാണ്. പ്രാർത്ഥനയിൽ കുട്ടിത്തമല്ല.. ആഴത്തിലുള്ള ആവശ്യബോധവും അനുതാപവും നിലവിളിയുമാണ് ഉയരേണ്ടത്.  പലരും ഇന്നു ത്യാഗം കൂടാതെ ലഭിക്കുവാൻ പ്രാർത്ഥിക്കുന്നു. കണ്ണുനീർകൂടാതെ സുവിശേഷവേല ചെയ്യുവാനാണ് പലരും ആഗ്രഹിക്കുന്നത്. അതു പ്രായോഗികമല്ല! പ്രാർത്ഥനയുടെ ഏറ്റവും വലിയ അവലോകനം പ്രാർത്ഥനക്കുശേഷം നാം എന്തു ചെയ്യുമെന്നതാണ്. പ്രാർത്ഥന അച്ചടക്കമാണ്. ലോകത്തെ വാരിപുണരാനുള്ള വെമ്പലിൽ മോഹങ്ങൾ സാധിച്ചെടുക്കാനുള്ള കാര്യസാദ്ധ്യ പ്രാർത്ഥന നാം ഉപേക്ഷിക്കേണ്ടിയിരിക്കുന്നു. നിത്യതയ്ക്കായി പ്രവർത്തിപ്പാനുള്ള ഊർജ്ജമാണ് പ്രാർത്ഥനയിലൂടെ നാം സംഭരിക്കേണ്ടത്. ക്രൂശിന്റെ സത്യം അതാണ്. ക്രൂശില്ലെങ്കിൽ കിരീടമില്ല. നാം പ്രതീക്ഷിക്കുന്നതിന്റെ വിപരീതമായിട്ടുപോലും ഒരുപക്ഷെ ദൈവം പ്രവർത്തിക്കാം. ദൈവത്തിൽനിന്നു അപ്രതീക്ഷിതമായതു പ്രതീക്ഷിക്കുക എന്നതാണ് വിശ്വാസത്തിലെ അടിസ്ഥാന തത്വം. ദൈനംദിന ജീവിതത്തിനായി ദൈവത്തിൽ ആശ്രയിക്കുന്നതിനേക്കാൾ നിത്യജീവനായി ദൈവത്തിൽ ആശ്രയിക്കുന്നതാണ് നല്ലതെന്ന് എപ്പോഴാണ് നാം തിരിച്ചറിയുക.



# പുകഞ്ഞുകത്തുന്ന ശുശ്രൂഷ

ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിന് ശുശ്രൂഷ ചെയ്യുവാനാണ് അപ്പോസ്തലൻ നമ്മെ ഉദ്ബോധിപ്പിക്കുന്നത്. ജ്വാല (തീനാളം) ഉള്ള അവസ്ഥയാണ് ജ്വലിക്കുന്ന അവസ്ഥ. ജ്വാല ഉള്ളപ്പോൾ വെളിച്ചവും ചൂടും ഉണ്ടാകും. ഇരുട്ടുമാറ്റാനും തണുപ്പകറ്റാനും അതു സഹായകമാണ്. എങ്ങനെയെങ്കിലും ദൈവത്തിനുവേണ്ടി ശുശ്രൂഷ ചെയ്യുന്നതിൽ അർത്ഥമില്ല. ജ്വലിക്കുന്നവരായിതന്നേ വേണം അതു ചെയ്യുവാൻ. അപ്പോൾ ഹൃദയത്തിലെ അന്ധകാരം നീങ്ങാനും ആത്മാവിന്റെ മരവിപ്പ് നീക്കിക്കളഞ്ഞ് ജീവിതങ്ങളെ ഉണർത്തുവാനും നമ്മുടെ ശുശ്രൂഷകൾക്ക് സാധിക്കും. നമ്മുടെ പ്രവർത്തനങ്ങളും ശുശ്രൂഷകളും വഴി അതു സാധിക്കുന്നുണ്ടോ എന്ന് പരിശോധിച്ചു നോക്കുന്നത് നല്ലതാണ്.

ജ്വാലയില്ലാതെയും എരിയാം. വിറകുകൾ ആളിക്കത്താത്തപ്പോൾ പുകഞ്ഞു കത്തും. പുകഞ്ഞു കത്തുമ്പോഴും വിറക് എരിഞ്ഞു തീരുന്നുണ്ട്. പക്ഷേ അതിന് ചൂടും വെളിച്ചവും പേരിനു മാത്രമേ ഉണ്ടാകൂ. മാത്രമല്ല പുകമൂലം അടുത്തുള്ളവർക്ക് അസ്വസ്ഥതയുണ്ടാകും. കണ്ണുപുകയും, ശ്വാസംമുട്ട് അനുഭവപ്പെടും. എന്തെങ്കിലും നിവർത്തിയുണ്ടെങ്കിൽ ആളുകൾ അവിടെനിന്ന് മാറിപ്പോകും. വേറെ ഒരു ഗതിയുമില്ലാത്തവർ മാത്രമേ ആ സാഹചര്യത്തിൽ അടുത്തുനിൽക്കൂ. പുകഞ്ഞു കത്തുന്ന ശുശ്രൂഷകരിൽനിന്നും ശുശ്രൂഷകളിൽനിന്നും ആളുകൾ അകന്നുപോയിക്കൊണ്ടിരിക്കുന്നതിന്റെ കാരണമിതാണ്.

പുകഞ്ഞു കത്തുന്നത് ഒരു മുന്നറിയിപ്പും കൂടിയാണ്. “തീ അണയാൻ പോകുന്നു. ഉടനെ എന്തെങ്കിലും ചെയ്യണം.” ഇത്തരം സാഹചര്യങ്ങളിൽ വിറക് അടുപ്പുകളിൽ നാം ചെയ്യാറുള്ളത് ഊതിക്കത്തിക്കലാണ്. ഊതുമ്പോൾ അഗ്നി ആളിക്കത്തും. ഇതുപോലെ പരിശുദ്ധാത്മാവിന്റെ ‘ഊതൽ’ നമ്മുടെ ജീവിതത്തിന്റെ മേലുണ്ടായാൽ അണയാറായ നമ്മുടെ ‘ജീവനാളം’ വീണ്ടും ആളിക്കത്തും.

തീ കത്തണമെങ്കിൽ ഓക്സിജൻ വേണം. ചാരം മൂടിയിരിക്കുന്ന കനലുകൾക്ക് വേണ്ടത്ര പ്രാണവായു കിട്ടില്ല. അതിനാൽ അവ ജ്വലിക്കുകയുമില്ല. ആത്മാവിനെ പാപം വലയം ചെയ്തിരിക്കുമ്പോൾ ജ്വലിക്കാനുള്ള പരിശുദ്ധാത്മാവിനെ നമുക്ക് സ്വന്തമാക്കാനാവില്ല. വേറൊരു വിധത്തിൽ പറഞ്ഞാൽ പാപത്തിന്റെ ചാരം നീക്കിക്കളഞ്ഞാലേ ജ്വലിക്കാൻ നമുക്ക് കഴിയൂ. പരിശുദ്ധാത്മ സാന്നിദ്ധ്യം നമ്മുടെ ജീവിതത്തിനു ചുറ്റുമുണ്ടായിട്ടും പലപ്പോഴും ജ്വാലയില്ലാതെ പുകയുന്നതിന്റെ കാരണം പാപത്തിന്റെ ചാരങ്ങൾ തന്നെ. നമ്മുടെ ജീവിതവും ശുശ്രൂഷകളും പുകഞ്ഞ് പുകഞ്ഞ് ഇല്ലാതായിത്തീരരുത്. മറിച്ച് ആളിക്കത്തിത്തീരണം. സഭയിലും സമൂഹത്തിലും കുടുംബത്തിലും പ്രകാശവും ചൂടും നൽകുന്നതായി അതു മാറണം. അതിനായി നമുക്ക് പ്രാർത്ഥിക്കാം.

പുകയുന്ന തിരി കെടുത്തിക്കളയാത്ത കർത്താവേ, ഞങ്ങളുടെ ജീവിതങ്ങളെ വീണ്ടും ജ്വലിപ്പിക്കേണമേ. അങ്ങയുടെ ആത്മാവിന്റെ കാറ്റ് അണയാറായ സ്നേഹത്തിന്റെ കനലുകളെ വീണ്ടും പ്രഭ ചൊരിയുന്ന നാളങ്ങളാക്കി മാറ്റിയാലും. ദൈവമേ... ഒത്തിരി ചാരം ഞങ്ങളുടെ മനസ്സിലും ശരീരത്തിലും ആത്മാവിലും ആവരണം ചെയ്യപ്പെട്ടിരിക്കുന്നു. അങ്ങുതന്നെ അതെല്ലാം നീക്കിക്കളഞ്ഞ് ഞങ്ങളെ ശുദ്ധമാക്കിയാലും. അങ്ങയുടെ പുനരുത്ഥാനത്തിന്റെ ശോഭയാൽ ഞങ്ങളുടെ ജീവിതം ലോകത്തിന് പ്രഭ ചൊരിയട്ടെ. ആമ്മേൻ.


**വേദാഭിമാനി**
MAY

ചീഫ് എഡിറ്റർ
**ടൈറ്റസ് കാർത്തികപ്പള്ളി**

മാനേജർ
**ഏബ്രഹാം മത്തായി (സണ്ണി)**

പബ്ലിഷർ
**കെ. സി. വർഗ്ഗീസ്, കല്ലുമണ്ണിൽ**

കോ-ഓർഡിനേറ്റർ
**തോമസ് വർക്കി**

വാർഷിക വരിസംഖ്യ
ഇന്ത്യ –Rs. 100
യു.എസ്.എ. –$25
മറ്റു രാജ്യങ്ങൾ –Rs.1000

എല്ലാ രാജ്യങ്ങളിലും
വേദാഭിമാനി ലഭിക്കുന്നതാണ്
വരിസംഖ്യ അയക്കേണ്ട വിലാസം
**വേദാഭിമാനി**
കേരള – 690 516



# മരണവും മരണാനന്തരജീവിതവും

പഠനപരമ്പര 2

### പ്രാണൻ

ബൈബിളിൽ എബ്രായ വാക്ക് റുവാക്കും ഗ്രീക്ക് വാക്ക് ന്യുമായും തർജിമ ചെയ്തിരിക്കുന്ന "സ്പിരിറ്റ്": അർത്ഥം സൂചിപ്പിക്കുന്നത് ഭൗതികമല്ലാത്ത കാറ്റ് (ഉൽപത്തി 8:1; യോഹന്നാൻ 3:8), ശ്വാസം (ഉൽപത്തി 6:17), ആത്മിയജീവികൾ (സെഖര്യാവ് 6:5; യോഹന്നാൻ 4:24; എബ്രായർ 1:14), ആന്തരികഗുണങ്ങൾ (പുറപ്പാട് 28:3; 1 കൊരിന്ത്യർ 4:21), അല്ലെങ്കിൽ മനുഷ്യാത്മാക്കൾ (ഉൽപത്തി 45:27; 1 കൊരിന്ത്യർ 2:11).

ആത്മാവും പ്രാണനും തമ്മിൽ വ്യത്യാസമുണ്ട്. ഇംഗ്ലീഷിൽ "സോൾ" എന്നതുകൊണ്ട് മുഴുവൻ വ്യക്തിയെയുമാണ് സൂചിപ്പിക്കുന്നത്. മനുഷ്യന്റെ ഭാഗമായ **സ്പിരിറ്റ്** ഭൗതിക ശരീരത്തിൽനിന്ന് വേറിട്ട പ്രത്യേകതയുള്ളതാണ്, അതു നമ്മിലുള്ള ദൈവത്തിന്റെ ഭൗതികമല്ലാത്ത ഭാഗമാണ് (യോഹന്നാൻ 4:24), ഗർഭം ധരിക്കുമ്പോൾ ദൈവം നമ്മിൽ തരുന്നതാണ് (സഭാപ്രസംഗി 12:7; സെഖര്യാവ് 12:1; എബ്രായർ 12:9).

ശരീരത്തിൽ വസിക്കുന്ന വ്യക്തിയെയാണ് സാധാരണ "സോൾ" എന്നു വിളിക്കുന്നത്: "നിങ്ങൾ" അല്ലെങ്കിൽ "ഞാൻ." നാം ശരീരത്തിലായിരിക്കുമ്പോൾ, നമ്മുടെ ശരീരം ഭൗമികഭവനമാണ്. ഭൗതികവശമായ ശരീരവും, അദൃശ്യമായ ദൈവത്തിന്റെ-രൂപം-ആയ, ഭൗതിക-മല്ലാത്ത ആത്മാവും ഉൾപ്പെടുന്നതാണ് മനുഷ്യൻ. നാം ശരീരത്തെ ക്കുറിച്ച് മാത്രം പറയുമ്പോൾ, ആത്മാവിനേയും ദേഹിയേയും പരാമർശിക്കുന്നില്ല. നാം ആത്മാവിനെക്കുറിച്ച് പറയുമ്പോൾ, "നിങ്ങൾ" അല്ലെങ്കിൽ "ഞാൻ" എന്ന മുഴുവൻ വ്യക്തിയേയുമാണ് ഉദ്ദേശിക്കുന്നത്-ശരീരത്തിൽ വസിക്കുന്ന ആന്തരിക മനുഷ്യൻ (2 കൊരിന്ത്യർ 4:16). ഓരോ വ്യക്തിക്കും ഓരോ ശരീരം ഉണ്ട്. പക്ഷെ, നാം ശരീരം മാത്രമല്ല. നമുക്ക് ഓരോരുത്തർക്കും ഓരോ ആത്മാവ് ഉണ്ട്.

മനുഷ്യനിൽ മൂന്നു ഭാഗങ്ങളാണുള്ളത്: ശരീരം, ദേഹി, ആത്മാവ്. അക്കാരണത്താൽ ശരീരം മരിക്കുമ്പോൾ, നമ്മിലുള്ള ആത്മാവും, ദേഹിയും മരിക്കുന്നില്ല. മരിക്കുമ്പോൾ, നമ്മുടെ ഭൗതിക പ്രവർത്തനങ്ങൾ നിലയ്ക്കുന്നു, എന്നാൽ ആത്മാവും ദേഹിയും ശരീരത്തിനു പുറത്തുണ്ടാകും.

### മരിക്കുമ്പോൾ എന്തു സംഭവിക്കും?

"പൊടി പണ്ട് ആയിരുന്നതുപോലെ ഭൂമിയിലേക്ക് തിരികെ ചേരും; ആത്മാവ് അതിനെ നൽകിയ ദൈവത്തിന്റെ അടുക്കലേക്ക് മടങ്ങിപോകും" (സഭാപ്രസംഗി 12:7).

"ആത്മാവില്ലാത്ത ശരീരം നിർജീവമാണെന്ന്" ബൈബിൾ പറയുന്നുണ്ടെങ്കിലും (യാക്കോബ് 2:26), ശരീരമില്ലാത്ത ആത്മാവ് നിർജീവമാണെന്ന് പറയുന്നില്ല. മരണശേഷവും നമുക്ക് ജീവിതമുണ്ടെന്ന് യേശു പറഞ്ഞിരിക്കുന്നു: "മരിച്ചവരുടെ പുനരുത്ഥാനത്തെക്കുറിച്ചോ? ദൈവം അരുളിച്ചെയ്തിരിക്കുന്നതു നിങ്ങൾ വായിച്ചിട്ടില്ലയോ? 'ഞാൻ അബ്രഹാമിന്റെ ദൈവവും യിസഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവുമാകുന്നു' എന്ന് അവൻ അരുളിച്ചെയ്യുന്നു; എന്നാൽ അവൻ മരിച്ചവരുടെ ദൈവം അല്ല, ജീവനുള്ളവരുടെ ദൈവം അത്രേ" (മത്തായി 22:31,32). ദൈവം പിതാക്കന്മാരുടെ ദൈവമാകയും, മരിച്ചവരുടെ ദൈവം അല്ലാതെ ജീവനുള്ളവരുടെ ദൈവം ആകയാൽ, ഒരർത്ഥത്തിൽ ബൈബിളിൽ പറഞ്ഞിട്ടുള്ള ആളുകൾ മരണശേഷവും ജീവിക്കുന്നു.

മോശെയും ഏലിയാവും വളരെ മുൻപ് മരിച്ചവരായിരുന്നെങ്കിലും, അവർ മറുരൂപമലയിൽ വെച്ച് യേശുവിനു പ്രത്യക്ഷരായി (മത്തായി 17:1-4). അബ്രഹാം, ലാസർ, ധനവാൻ എന്നിവർ മരിച്ചശേഷവും ജീവിച്ചിരിക്കുന്നവരും സുബോധമുള്ളവരുമായി യേശു ചിത്രീകരിച്ചിരിക്കുന്നതായി ലൂക്കോസ് 16:19-30ൽ വിവരിച്ചിരിക്കുന്നു. പൗലോസ് ശരീരം വിട്ടുകൊണ്ടായിരിക്കണം മൂന്നാം സ്വർഗത്തോളം എടുക്കപ്പെട്ടത് (2 കൊരിന്ത്യർ 12:2-4), അതിനർത്ഥം നമ്മുടെ ആത്മാക്കൾക്ക് ശരീരം വിട്ടാലും ജീവിക്കാം എന്നാണ്. ശരീരം വിട്ട് കർത്താവിനോടുകൂടെ വസിപ്പാൻ ആഗ്രഹിക്കുന്നു എന്ന് പൗലൊസ് എഴുതുകയുണ്ടായി (2 കൊരിന്ത്യർ 5:8), നമുക്ക് ശരീരം വിട്ടാലും ജീവനുണ്ടാകുമെന്ന് അതു തെളിയിക്കുന്നു.

നമ്മെ ഗർഭം ധരിച്ചപ്പോൾ ദൈവം നമ്മുടെ ആത്മാക്കളെ നമ്മിൽ തരുന്നു (സഭാപ്രസംഗി 12:7; സെഖര്യാവ് 12:1). ആത്മാവും ഭൗതികശരീരവും ചേരുമ്പോഴാണ് ശരീരത്തിന് ജീവൻ ഉണ്ടാകുന്നത്. ശരീരത്തിൽ ദേഹിയും ആത്മാവും ഉള്ളേടത്തോളമാണ് അതിന് ജീവനുള്ളത് (1 രാജാക്കന്മാർ 17:21,22; യാക്കോബ് 2:26).

ശരീരം മരിക്കുന്നതോടുകൂടി ജീവിതം അവസാനിക്കുന്നില്ല, എന്നാൽ ജീവൻ അതിൽനിന്നു മാറുന്നു എന്നുമാത്രം. മരണശേഷം ശരീരം എംബാം ചെയ്തില്ലെങ്കിൽ ക്രമേണ അഴുകുവാൻ തുടങ്ങുകയും അവസാനം മണ്ണിലേക്ക് ചേരുകയും ചെയ്യും (ഉൽപത്തി 3:19; സഭാപ്രസംഗി 12:7). ഒരാളുടെ ശരീരത്തിന് പ്രവർത്തിക്കുവാൻ ഭൗതിക ശക്തി പകരുന്നത് ജീവൻ ആണ്. മരണത്തോടെ അതിന്റെ ബുദ്ധിശക്തിയും, എല്ലാ വൈകാരിക പ്രവർത്തനങ്ങളും നിലയ്ക്കും. ശരീരത്തിനു ചെയ്യുവാൻ കഴിയുന്ന സുഖമുള്ളതും സുഖമില്ലാത്തതുമായ എല്ലാ കാര്യങ്ങൾക്കും അവസാനമാകും.

ഭൗതിക ജീവിതവും മരണവും തമ്മിലുള്ള അന്തരം ഫിലിപ്പിയർ 1:20ൽ വ്യക്തമാക്കിയിരിക്കുന്നു. നമുക്ക് രണ്ടും ഒരേ സമയത്ത് സാധ്യമല്ല. ഗർഭം ധരിക്കുമ്പോൾ നമുക്ക് ഭൗതിക ജീവിതം നൽകുന്നു. മരണം മുഖാന്തരം നാം ഈ ലോകത്തു നിന്നു കടന്നുപോകുന്നു.

മരണം പാപത്തിന്റെ ഫലമാകുന്നു (റോമർ 5:12). പാപത്തിനായി നമ്മെ പരീക്ഷിക്കുന്നതുകൊണ്ട്; പിശാച് കുലപാതകിയാണ് (യോഹന്നാൻ 8:44). അവന് മരണശക്തിയാണുള്ളത്. യേശുക്രിസ്തു വന്ന് "ജഡരക്തത്തോടു കൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി" (എബ്രായർ 2:14; കൂടാതെ 1 തെസലൊനികൃർ 3:5; 2 തിമൊഥെയൊസ് 2:26). പാപം മുഖാന്തരമുള്ള മരണം പിശാചിന്റെ പ്രവൃത്തിയാണ്, എന്നാൽ നീതി മുഖാന്തരമുള്ള ജീവനാണ് യേശുവിന്റെ പ്രവർത്തിയുടെ ഫലം (റോമർ 5:17).

### മരിക്കുമ്പോൾ ആത്മാവും ദേഹിയും

ശരീരം മരിക്കുമ്പോൾ ആത്മാവും ദേഹിയും മരിക്കുമോ? മരണശേഷവും നാം ജീവിക്കുമോ? യേശു പറഞ്ഞു, "ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുവാൻ കഴിയുന്നവരെ ഭയപ്പെടേണ്ട; ദേഹിയേയും ദേഹത്തേയും ഒരുമിച്ച് നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെ തന്നെ ഭയപ്പെടുവീൻ" (മത്താ. 10:28). ഒരാൾക്ക് ശരീരത്തെ കൊല്ലുവാൻ കഴിയുകയും ദേഹിയെ കൊല്ലുവാൻ കഴിയാതിരിക്കുകയും ചെയ്യുമ്പോൾ, ശരീരം മരിച്ചാലും ആത്മാവ് ജീവിക്കുമെന്ന് സ്പഷ്ടം. ശരീരത്തിനുള്ള മരണം ആത്മാവിനുള്ള മരണല്ല.

റാഹേലിന്റെ ആത്മാവ് ശരീരത്തോടൊപ്പം മരിച്ചില്ല. മറിച്ച്, അവൾ മരിച്ചപ്പോൾ, ആത്മാവ് അവളെ വിട്ടുപോകയാണ് ചെയ്തത്: "ജീവൻ പോകുന്ന സമയം (അവൾ മരിച്ചപ്പോൾ) അവൾ അവന് ബെ-നോ-നി എന്ന് പേരിട്ടു; അവന്റെ അപ്പനോ അവന് ബെന്യാമീൻ എന്നു പേരിട്ടു" (ഉല്പത്തി 35:18). ഒരാൾ മരിക്കുമ്പോൾ ആത്മാവ് ശരീരം വിട്ടുപോകുന്നു.

വിധവയുടെ മകൻ മരിച്ചശേഷം അവനെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവന്നപ്പോൾ, അവന്റെ ആത്മാവ് ശരീരത്തിലേക്ക് മടങ്ങിവന്നു. ജീവൻ യഥാസ്ഥാനത്താക്കുവാൻ ഏലിയാവ് "കുട്ടിയുടെമേൽ മൂന്നുപ്രാവശ്യം കവിണ്ണുകിടന്നു; എന്റെ ദൈവമായ യഹോവേ, ഈ കുട്ടിയുടെ പ്രാണൻ അവനിൽ മടങ്ങിവരുമാറാകട്ടെ എന്നു യഹോവയോട് പ്രാർത്ഥിച്ചു" (1 രാജാക്കന്മാർ 17:21,22). കുട്ടി മരിച്ചപ്പോൾ അവന്റെ പ്രാണൻ അവനെ വിട്ടുപോയിരിക്കണം, അല്ലെങ്കിൽ അവനിലേക്ക് എങ്ങനെ മടങ്ങിവരും. ശരീരം മരിക്കുമ്പോൾ ആത്മാവ് വിട്ടുപോകുമെന്ന് വീണ്ടും അതു ഉറപ്പിക്കുകയാണ് ചെയ്യുന്നത്.

"എന്റെ പ്രാണനെ എടുത്തുകൊള്ളേണമേ" എന്ന് ഏലിയാവ് ദൈവത്തോട് യാചിച്ചു (1 രാജാക്കന്മാർ 19:4; ന്യൂ വേൾഡ് ട്രാൻസ്ലേഷൻ), മരിക്കുമ്പോൾ ആത്മാവ് വിട്ടുപോകുന്നു എന്നാണ് വീണ്ടും നാം കാണുന്നത്.

സങ്കീർത്തനങ്ങൾ 16:8-11 ലെ ദാവീദിന്റെ പ്രവചനം നിറവേറിക്കൊണ്ട്, യേശുവിന്റെ ശരീരം ദ്രവത്വം കണ്ടില്ല, അവന്റെ പ്രാണനെ പാതാളത്തിൽ വിട്ടുകളഞ്ഞുമില്ല. യേശു ഉയർത്തെഴുന്നേറ്റതു തെളിയിക്കുവാൻ പത്രോസ്, പെന്തെക്കോസ്തുനാളിലെ തന്റെ പ്രസംഗത്തിൽ, സങ്കീർത്തനങ്ങൾ 16 ഉദ്ധരിക്കുകയുണ്ടായി (അ.പ്ര. 2:29-31). അവൻ മരിച്ചപ്പോൾ, അവന്റെ പ്രാണൻ അവനെ വിട്ട്, പാതാളത്തിലേക്ക് പോകയും, ഉയർത്തെഴുന്നേറ്റപ്പോൾ അവനിലേക്ക് മടങ്ങിവരികയും ചെയ്തു.

"മൂഢനായിരുന്ന" ധനികനോട് ചോദിച്ചു, "ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോട് ചോദിച്ചാൽ നീ ഒരുക്കി വെച്ചത് ആർക്കാകും" (ലൂക്കൊസ് 12:20). മരണം അവനെ ഗ്രസിക്കയും, പ്രാണനെ അവനിൽനിന്നു എടുത്തുകളകയും ചെയ്യുമെന്നാണ് സൂചന.

ശരീരം മരിക്കുമ്പോൾ, പ്രാണൻ ശരീരം വിട്ടുപോകുമെന്ന്, ഈ വാക്യങ്ങളിൽ നിന്നു നമുക്ക് തീർച്ചയാക്കാം. ശരീരം വിട്ടുപോകുമ്പോൾ പ്രാണൻ മരിക്കുന്നില്ല.

യേശു മരിച്ചപ്പോൾ, അവൻ തന്റെ ആത്മാവിനെ ദൈവകരങ്ങളിൽ ഏല്പിച്ചു പറഞ്ഞു: "പിതാവേ, എന്റെ ആത്മാവിനെ ഞാൻ തൃക്കരങ്ങളിൽ ഭരമേൽപിക്കുന്നു" (ലൂക്കോസ് 23:46). യേശുവിന്റെ ശരീരം കുറച്ചുസമയംകൂടെ ക്രൂശിൽ കിടന്നു, പിന്നെ അവനെ അടക്കുകയും, ആത്മാവ് ദൈവത്തിന്റെ കരുതലിലേക്ക് എടുക്കപ്പെടുകയും ചെയ്തു.

നാം ജീവിക്കുമ്പോൾ, നമ്മുടെ ശരീരത്തിന്റെ കഴിവനുസരിച്ച് നമുക്ക് ചുറ്റും ചലിക്കുവാൻ കഴിയും. ദേഹിയും ആത്മാവും ശരീരത്തെ വിട്ടുപോയാൽ, പിന്നെ ശരീരത്തിന് പഴയ കഴിവില്ല. ആത്മാവ് ദൈവത്തിന്റെ സൂക്ഷിപ്പിനായി പോയിരിക്കുന്നു.

(തുടരും)




# വാർത്തയും ചരിത്രവും

ദിവസവും 'News'കേൾക്കുന്നവരാണ് നമ്മൾ. ന്യൂസ് എന്ന പദത്തിന്റെ അർഥമെന്താണെന്ന് അറിയാമോ? ഇതാ വാർത്തയുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ.

'News'അഥവാ വാർത്തകൾ നൽകുന്ന പ്രസിദ്ധീകരണമാണല്ലോ ന്യൂസ് പേപ്പർ. എന്നാൽ പണ്ടുകാലത്ത് ന്യൂസ് പേപ്പറിലെ ന്യൂസ് എന്ന പദം, North-East-West-South എന്നിവയുടെ ആദ്യാക്ഷരങ്ങളായ 'N.E.W.S.'ആയിരുന്നു. അതായത് 'ലോകത്തിലെ നാല് അതിരുകളിലെയും വിശേഷങ്ങൾ' എന്നായിരുന്നു അതുകൊണ്ടുദ്ദേശിച്ചിരുന്നത്. പിന്നീടത് വാർത്ത എന്നായെന്നു മാത്രം. കേട്ടിട്ട് അമ്പരക്കേണ്ട, സംഗതി സത്യമാണ്.

മറ്റൊന്ന്, ന്യൂസിന് 'Information' എന്നൊരു അർഥംകൂടിയുണ്ടല്ലോ. എന്നു കരുതി 'Informer'എന്നതിന് 'വിവരം തരുന്നയാൾ' എന്നല്ല അർഥം. അത് Spy അല്ലെങ്കിൽ 'ചാരൻ' (secret agent) ആണ്. 'Informatics' എന്നാൽ വിവരശേഖരണപഠനം. കൂട്ടത്തിൽ പ്രസിദ്ധ സാഹിത്യകാരനായ ജോർജ് ഓർവൽ തന്റെ '1984' എന്ന ക്ലാസിക് കൃതിയിലൂടെ പത്രലോകത്തിന് സംഭാവന ചെയ്ത ഒരു വാക്കുകൂടി കേട്ടോളൂ: 'Newspeak'രാഷ്ട്രീയക്കാരുടെ പൊള്ളയായ സംസാരത്തിന് പറയുന്നതാണത്. അതുപോലെ പത്രപ്രവർത്തനത്തിന് 'Fourth estate' എന്നൊരു പേരുകൂടിയുണ്ട് !



ഇനിയൊരു പഴയകാര്യം! പണ്ട് പത്രസ്ഥാപനങ്ങളിലുണ്ടായിരുന്ന ഒരു യന്ത്രമാണ് 'Micro Film Reader.' ഇന്നത്തെപ്പോലെ കമ്പ്യൂട്ടറും മറ്റ് ആധുനിക സൗകര്യങ്ങളുമില്ലാതിരുന്ന അക്കാലത്ത് പത്രമോഫീസുകളിൽ പത്രം കുമിഞ്ഞുകൂടുമ്പോൾ അവ മൈക്രോഫിലിമുകളിലാക്കിയായിരുന്നു സൂക്ഷിച്ചിരുന്നത്. പിന്നീട് ആവശ്യാനുസരണം ഈ മൈക്രോഫിലുമുകൾ വായിക്കാൻ ഉപയോഗിച്ചിരുന്ന മെഷീനായിരുന്നു മൈക്രോ ഫിലിം റീഡർ.

ഒരു തമാശകൂടി കേട്ടോളൂ: News print എന്നതിന്റെ അർഥം അച്ചടിക്കടലാസ് എന്നാണെങ്കിലും വാർത്തകൾ അടിച്ചുവരുന്ന എല്ലാ കടലാസുകളും ന്യൂസ് പ്രിന്റല്ല. വിലയും ഗുണവും കുറഞ്ഞ പത്രക്കടലാസുകൾ മാത്രമാണ് ന്യൂസ് പ്രിന്റ്.

# ഉപ്പുനഗരം

ഉപ്പിനെ എല്ലാമായി കാണുന്നവരാണ് പോളണ്ടുകാർ. അവിടത്തെ വൈലിസ്ക (Wieliczka) എന്ന ദേശത്ത് ഒരു ഉപ്പുഖനിയുണ്ട്. അവിടെയാണ് ആകർഷകമായ ഉപ്പുപട്ടണമുള്ളത്. അവിടത്തെ ആരാധനാലയങ്ങളും സ്മാരകങ്ങളും റോഡും റെയിൽവേ സ്റ്റേഷനുമെല്ലാം ഉപ്പുകൊണ്ടാണ് നിർമിച്ചിരിക്കുന്നത്! ദൈവദത്തമായാണ് അവർ ഉപ്പിനെ കരുതിപ്പോന്നത്.






പണ്ടുകാലത്ത് ചില രാജ്യങ്ങളിൽ പട്ടാളക്കാർക്ക് ശമ്പളമായി നൽകിയിരുന്നത് ഉപ്പായിരുന്നുവത്രേ! സാലറി (ശമ്പളം) എന്ന പദം ഉണ്ടായതും ഈ ആചാരത്തിൽ നിന്നാണ്. ലാറ്റിൻ പദമായ സലേറിയം (Salarium) എന്നാൽ 'ഉപ്പിനുള്ള പണം' എന്നാണർഥം. ഇത് പറഞ്ഞുപറഞ്ഞാണ് സാലറിയായി മാറിയത്. പടിഞ്ഞാറൻ ആഫ്രിക്കൻ രാജ്യമായ 'സിയാറാ ലിയോണി'ലെ ജനങ്ങൾ ഉപ്പിനുവേണ്ടി സകലതും വിൽക്കാൻകൂടി തയ്യാറായിരുന്നുവത്രേ! ഉപ്പെന്നുവച്ചാൽ അത്ര ജീവനാണ് അവർക്ക്!

# ഭൂമിയുടെ ഉപ്പ്!

പ്രാചീനകാലം തൊട്ടേ ഉപ്പിന് വലിയ പ്രാധാന്യമുണ്ട്. 'നീ ഭൂമിയുടെ ഉപ്പാകുന്നു' എന്ന് ബൈബിളിൽ കാണാം. ദേവാലയത്തിൽ എന്ത് അർപ്പിക്കുമ്പോഴും ഉപ്പുകൂടി വേണമെന്ന് ഹീബ്രു നിയമപുസ്തകം പറയുന്നു. അക്കാലത്ത് പല ആഭിചാരകർമ്മങ്ങൾക്കും ഉപ്പ് ഉപയോഗിച്ചിരുന്നുവത്രെ. ഇഷ്ടം കുറഞ്ഞ ഒരാളോട് തങ്ങളുടെ നിലപാട് അറിയിക്കാൻ കൈവെള്ളയിൽ ഉപ്പ് വെച്ചു കൊടുക്കുന്ന സമ്പ്രദായവും പണ്ടുണ്ടായിരുന്നു.




മാതാപിതാക്കൾക്ക് പുതിയ തലവേദനയാണ് ഇന്റർനെറ്റ്. ഒരേസമയം അനുഗ്രഹവും അപകടവുമാണ് ഇന്റർനെറ്റ്. അറിഞ്ഞ് ഉപയോഗിച്ചില്ലെങ്കിൽ കുട്ടികളുടെ ഭാവി തകരാറിലാക്കി, അവരുടെ മനസിൽ വിഷവിത്തുകൾ മുളപ്പിക്കാൻ ഇന്റർനെറ്റിനാവും.

അടുത്തകാലത്ത് യാഹു നടത്തിയ സർവേയിൽ 8 വയസിനും 12 വയസിനുമിടയിൽ പ്രായമുള്ള കുട്ടികളിൽ നല്ലൊരു ഭാഗവും ഇന്റർനെറ്റിൽ കുരുങ്ങിക്കിടക്കുന്നതായാണ് കണ്ടെത്തിയത്. വെബ്സെർച്ച്, ഇമെയിൽ, ഗെയിം, മെസേജിംഗ് തുടങ്ങി പലതിനും കുട്ടികൾ ഇന്റർനെറ്റിനെ ആശ്രയിക്കുന്നു. മറ്റ് ഏജ് ഗ്രൂപ്പിൽപെട്ടവരുടെ കാര്യവും വ്യത്യസ്തമല്ല. എന്നാൽ ഇവരിൽ പലർക്കും സുരക്ഷിതമായി ഇന്റർനെറ്റ് ഉപയോഗിക്കുന്നതിനെക്കുറിച്ച് അറിയില്ലെന്നും സർവേ ചൂണ്ടിക്കാണിക്കുന്നു.


ഒരേസമയം അധ്യാപകനും കൂട്ടുകാരനുമാണ് ഇന്റർനെറ്റ്. ഏതുകാര്യത്തെക്കുറിച്ചും അറിവുപകരുന്ന, സംശയം തീർത്തുതരുന്ന, സ്കൂൾ പ്രോജക്ടുകൾ ചെയ്യാൻ സഹായിക്കുന്ന അധ്യാപകന്റെ സ്ഥാനമാണ് ഇന്റർനെറ്റിനുള്ളത്. വിവര സാങ്കേതികവിദ്യയെ പരമാവധി ഉപയോഗപ്പെടുത്തി അറിവുകൾ പ്രയോജനപ്പെടുത്തി വളരാൻ കുട്ടികളെ ഇന്റർനെറ്റ് സഹായിക്കുന്നു. ഇതേപോലെ തന്നെ ഏറ്റവുമടുത്ത കൂട്ടുകാരനായും ഇന്റർനെറ്റ് മാറുന്നുണ്ട്. കുട്ടികളെ രസിപ്പിക്കുന്നതും അവരുടെ ബുദ്ധി പരീക്ഷിക്കുന്നതുമായ നിരവധി ഗെയിമുകൾ ഇന്റർനെറ്റിലുണ്ട്. ഇതിലൂടെയെല്ലാം ഒരു കളിക്കൂട്ടുകാരന്റെ സാന്നിധ്യമായി മാറാൻ ഇന്റർനെറ്റ് കുട്ടികളെ സഹായിക്കുന്നുമുണ്ട്.

ഇന്റർനെറ്റിനെക്കുറിച്ചും അതിന്റെ ചതിക്കുഴികളെകുറിച്ചും അറിയാമെങ്കിലും കുട്ടികളുടെ അറിവ് മെച്ചപ്പെടുത്തുന്നതിൽ ഇന്റർനെറ്റ് നല്ലൊരു പങ്കുവഹിക്കുന്നതിനാൽ പല മാതാപിതാക്കളും അവരെ പിന്തിരിപ്പിക്കാറില്ല.

(തുടരും)

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

അമേരിക്കയിലെ ടെക്സാസിലുള്ള ഒസ്റ്റിനിൽ ഫസ്റ്റ് നാഷണൽ ബാങ്കിലെ കാഷ്യറായിരുന്ന വില്യം സിഡ്നിപോർട്ടർ. ഇടപാടുകാർക്ക് ആവശ്യമുള്ള പണം കൗണ്ടറിൽനിന്നും സ്വയം എണ്ണിയെടുക്കുന്ന ഒരു സംവിധാനം അവിടെ നിലനിന്നിരുന്നു. പണം എടുക്കുന്നവർ തങ്ങളുടെ പേരും എടുത്ത തുകയും രജിസ്റ്ററിൽ എഴുതി ഒപ്പിടണമെന്നുമാത്രം. ഇതിന്റെ മേലന്വേഷണം നടത്തുന്ന ജോലിയായിരുന്നു പോർട്ടിന്റേത്. ഒരിക്കൽ ബാങ്കിന്റെ മേലുദ്യോഗസ്ഥർ പരിശോധനയ്ക്കായി എത്തിയപ്പോൾ 3000 ഡോളറിന്റെ കുറവ് അവർ കണ്ടെത്തി. എങ്ങനെ സംഭവിച്ചുവെന്ന് പോർട്ടറിനറിയില്ല. പക്ഷേ ബാങ്ക് ധനാപഹരണക്കുറ്റം ചുമത്തി അദ്ദേഹത്തിനെതിരെ കേസ് ഫയൽ ചെയ്തു. അങ്ങനെ ചെയ്യാത്ത കുറ്റത്തിന് അറസ്റ്റു ചെയ്യപ്പെടുകയും ജയിൽശിക്ഷയ്ക്ക് വിധേയനാവുകയും ചെയ്ത പോർട്ടർ ആദ്യം അസ്വസ്ഥനും നിരാശനുമായിത്തീർന്നു. എങ്കിലും ക്രമേണ അദ്ദേഹം ഈ ആഘാതത്തിൽ നിന്നു മോചിതനാവുകയും ജയിലിൽ വെറുതെ കിട്ടുന്ന സമയം മുഴുവൻ ഫലപ്രദമായി ഉപയോഗിക്കുവാൻ തയ്യാറാവുകയും ചെയ്തു. അങ്ങനെ ആ ചെറുപ്പക്കാരൻ കഥകളെഴുതാനാരംഭിച്ചു. അവയെല്ലാം പല പ്രസിദ്ധീകരണങ്ങളിലും വെളിച്ചം കണ്ടപ്പോൾ എഴുതാനുള്ള ആവേശം വർദ്ധിച്ചു. ഒടുവിൽ ജയിൽ വിമോചിതനായി പുറത്തുവരുമ്പോൾ ഒ.ഹെൻറി എന്ന തൂലികാനാമത്തിൽ അദ്ദേഹം രാജ്യം മുഴുവൻ അറിയപ്പെടുന്ന എഴുത്തുകാരനായി മാറിയിരുന്നു. മനുഷ്യനന്മകളുടെ സുഗന്ധം പരത്തുന്ന ഒ.ഹെൻറിയുടെ കഥകളെല്ലാം ഒരു നൂറ്റാണ്ട് പിന്നിട്ടിട്ടും ഇന്നും ജനഹൃദയങ്ങളെ സ്വാധീനിക്കുന്ന രചനകളാണ്.




നമ്മുടെ ജീവിതത്തിലും ദുരന്തങ്ങളും വേദനകളും അനീതികളുമൊക്കെ സഹിക്കാനിടവന്നേക്കാം. പക്ഷേ ദുരിതങ്ങളോർത്തു ദുഃഖിച്ച് ആയുസ്സ് പാഴാക്കുന്നത് ബുദ്ധിശൂന്യതയാണ്. ഏതവസ്ഥയിലും ജീവിതത്തെ പ്രയോജനമുള്ളതാക്കി മാറ്റാൻ നാം ശ്രമിക്കണം. പൗലോസ് അപ്പോസ്തലൻ ജയിലിൽ അടയ്ക്കപ്പെട്ടതുകൊണ്ടാണ് പുതിയനിയമത്തിലെ നിരവധി ലേഖനങ്ങൾ നമുക്ക് കിട്ടിയത്. തടവിലായിരുന്നപ്പോഴും തന്നെ കാത്തിരിക്കുന്ന വധശിക്ഷയെക്കുറിച്ചോ തന്നെ തടവിലിട്ടവരെക്കുറിച്ചോ ഓർത്ത് വിഷമിക്കാതെ സഭാസമൂഹങ്ങളുടെ വളർച്ചയ്ക്കും കെട്ടുറപ്പിനുമായി ലേഖനങ്ങൾ എഴുതുവാൻ അദ്ദേഹം സമയം ചിലവഴിച്ചു.

ഇതുപോലെ സാഹചര്യങ്ങൾ അനുകൂലമാകുമ്പോഴും പ്രതികൂലമാകുമ്പോഴും ജീവിതം കർമ്മനിരതമാകണം. ശരീരം തളർന്നാലും മനസ്സുകൊണ്ട് പ്രവർത്തനനിരതമാകണം. നല്ല ചിന്തകൾ കൊണ്ട് അന്തരീക്ഷത്തെ നിറയ്ക്കണം. പ്രാർത്ഥനകൾകൊണ്ട് ലോകത്തിന് അനുഗ്രഹം പകരണം. ആയുസ്സ് വിലപ്പെട്ടതാണ്. ദുഃഖിച്ചും വിലപിച്ചും ആകുലപ്പെട്ടും അത് നഷ്ടപ്പെടുത്തരുത്. എന്തെങ്കിലും പ്രയോജനപ്രദമായത് എപ്പോഴും ചെയ്യുവാൻ നമുക്കു കഴിയും. ചില സ്വപ്നങ്ങൾ പൊലിഞ്ഞുപോയിട്ടുണ്ടാകാം. പക്ഷേ പുതിയ സ്വപ്നങ്ങൾ കാണാൻ കഴിവുണ്ടെങ്കിൽ നഷ്ടങ്ങൾ ലാഭങ്ങളായി മാറുമെന്ന് ഒ.ഹെൻറിയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നില്ലേ?

"ഉറങ്ങുന്നവനേ ഉണരുക, മരിച്ചവരിൽനിന്ന് എഴുന്നേൽക്കുക, ക്രിസ്തു നിന്റെ മേൽ പ്രകാശിക്കും. അതിനാൽ നിങ്ങൾ അവിവേകികളെപ്പോലെയാകാതെ വിവേകികളെപ്പോലെ ജീവിക്കുവാൻ ശ്രദ്ധിക്കുവിൻ. നിങ്ങളുടെ സമയം പൂർണ്ണമായും പ്രയോജനപ്പെടുത്തുവിൻ. ഭോഷന്മാരാകാതെ കർത്താവിന്റെ അഭീഷ്ടമെന്താണെന്ന് മനസ്സിലാക്കുവിൻ" (എഫേ. 5:14-17).




പാശ്ചാത്യരുടെ ഭക്ഷണത്തിലെ ഒരു പ്രധാന ഐറ്റമാണ് ഉരുളക്കിഴങ്ങ്. അതു പല രൂപത്തിലും ഭാവത്തിലും ഭക്ഷണമേശകളിൽ ലഭ്യമാണ്. ഒരു ദിവസം ഉച്ചഭക്ഷണ നേരത്തു ഒരു സ്കൂളിലെ ഒന്നാം ക്ലാസുകാർ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവരിൽ പലരുടെയും പ്ലെയ്റ്റിൽ ഉരുളക്കിഴങ്ങ് കൊണ്ടു തയാറാക്കിയ 'ഫ്രെഞ്ച്ഫ്രൈസ്' ഉണ്ടായിരുന്നു.

'ഉരുളക്കിഴങ്ങ് ഇഷ്ടമുള്ളവർ എത്ര പേരുണ്ട്?' കുട്ടികൾ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ ടീച്ചർ അവരോടു ചോദിച്ചു. അവർ അപ്പോൾ ഒന്നടങ്കം കൈപൊക്കി. ഉടനെ ടീച്ചർ അവരോടു പറഞ്ഞു:'ഉരുളക്കിഴങ്ങ് ഉപയോഗിച്ചു നമ്മൾ ഒരു പാഠം പഠിക്കുവാൻ പോവുകയാണ്' ടീച്ചർ പറയുന്നതു എന്താണെന്നു മനസിലാകാതെ അവർ പരസ്പരം നോക്കുമ്പോൾ ടീച്ചർ തുടർന്നു പറഞ്ഞു: 'നിങ്ങൾ ഓരോരുത്തരും ഒരു പ്ലാസ്റ്റിക് ബാഗിൽ കുറെ ഉരുളക്കിഴങ്ങ് കൊണ്ടുവരണം.'

'എത്രയെണ്ണം വേണം', കുട്ടികളിലൊരാൾ ചോദിച്ചു. അപ്പോൾ ടീച്ചർ പറഞ്ഞു: 'നിങ്ങൾക്കു എത്ര പേരോടു പിണക്കമോ വെറുപ്പോ ഉണ്ടോ അത്രയും എണ്ണം ഉരുളക്കിഴങ്ങ് കൊണ്ടുവരണം. അതുപോലെ, നിങ്ങൾക്കു ആരോടാണു പിണക്കമോ വെറുപ്പോ ഉള്ളതു ആ ആളുകളുടെ പേരു ഓരോ ഉരുളക്കിഴങ്ങിലും എഴുതി വയ്ക്കണം.'

ഇത്രയും കേട്ടപ്പോൾ ഈ പരിപാടി വലിയ രസമായിരിക്കുമല്ലോ എന്നു കുട്ടികൾക്കു തോന്നി. പിറ്റേ ദിവസം ഒരു പ്ലാസ്റ്റിക് ബാഗിൽ ഉരുളക്കിഴങ്ങ് കൊണ്ടുവരാമെന്നു അവർ സമ്മതിച്ചു. അപ്പോൾ ടീച്ചർ പറഞ്ഞു: 'നിങ്ങളുടെ വെറുപ്പിന്റെയും പിണക്കത്തിന്റെയും തോതനുസരിച്ചു വലുതും ചെറുതുമായ ഉരുളക്കിഴങ്ങുകളായിരിക്കണം നിങ്ങൾ കൊണ്ടുവരേണ്ടത്. നിങ്ങൾക്കു ഒരാളോടു വലിയ വെറുപ്പോ പിണക്കമോ ഉണ്ടെങ്കിൽ ആ ആളിന്റെ പേരിൽ വലിയ ഉരുളക്കിഴങ്ങുകൾ കൊണ്ടുവരണം. എന്നാൽ ചെറിയ തോതിലുള്ള പിണക്കമോ വെറുപ്പോ ആണെങ്കിൽ ചെറിയ ഉരുളക്കിഴങ്ങുകൾ കൊണ്ടുവന്നാൽ മതി.'

കുട്ടികൾക്കെല്ലാവർക്കും സ്വീകാര്യമായിരുന്നു ഈ നിർദേശം. അവർ അതു കൈയടിച്ചു പാസാക്കി. പിറ്റേ ദിവസം അവർ വന്നപ്പോൾ അവർ എല്ലാവരുടേയും കൈയിൽ പല വലുപ്പത്തിലുള്ള ഉരുളക്കിഴങ്ങുകൾ ഉണ്ടായിരുന്നു. ചിലരുടെ സഞ്ചിയിൽ അഞ്ചു ഉരുളക്കിഴങ്ങുകൾ വരെ ടീച്ചർ കണ്ടെത്തി.

ഇനി അടുത്ത പരിപാടി എന്താണെന്നറിയുവാൻ കുട്ടികൾ കാതോർത്തു നിൽക്കുമ്പോൾ ടീച്ചർ പറഞ്ഞു: 'അടുത്ത ഒരാഴ്ചത്തേക്കു നിങ്ങൾ നിങ്ങളുടെ ഉരുളക്കിഴങ്ങിന്റെ ബാഗ് എപ്പോഴും ചുമന്നുകൊണ്ടു നടക്കണം. ബാത്ത്റൂമിൽ പോകുമ്പോൾ പോലും ഈ ബാഗ് നിങ്ങളുടെ കൈയിലുണ്ടായിരിക്കണം.'

ടീച്ചറുടെ നിർദേശം അവരിൽ പലർക്കും ഇഷ്ടപ്പെട്ടില്ല. എങ്കിലും ടീച്ചർ ആവശ്യപ്പെട്ടതുപോലെ ചെയ്യാമെന്നു അവർ സമ്മതിച്ചു.

ദിവസങ്ങൾ പലതു കഴിഞ്ഞപ്പോഴേക്കും കുട്ടികൾ മടുത്തു. അതിനിടയിൽ അവരുടെ ബാഗിൽ കിടന്നിരുന്ന ഉരുളക്കിഴങ്ങുകൾ ചീയാനും തുടങ്ങി. ചീഞ്ഞു തുടങ്ങിയ ഉരുളക്കിഴങ്ങുകൾ ചുമന്നു കൊണ്ടു നടക്കുന്നതു അസഹനീയമായി അവർക്കു തോന്നി.

പരിപാടി തുടങ്ങി ഒരു ആഴ്ച കഴിഞ്ഞപ്പോൾ ടീച്ചർ അവരോടു ചോദിച്ചു:'ഉരുളക്കിഴങ്ങുകൾ ചുമന്നുകൊണ്ട് നടന്നപ്പോൾ എന്തായിരുന്നു നിങ്ങളുടെ അനുഭവം?' അപ്പോൾ അവർക്കുണ്ടായ ബുദ്ധിമുട്ടുകൾ അവർ വിവരിച്ചു. അവരുടെ അഭിപ്രായത്തിൽ ഉരുളക്കിഴങ്ങുകൾ എപ്പോഴും ചുമന്നു നടന്നതു അവരുടെ അനുദിന കാര്യങ്ങളെ ദോഷകരമായി ബാധിച്ചു. ഉരുളക്കിഴങ്ങുകൾ ചീയാൻ തുടങ്ങിയപ്പോൾ കാര്യം ഏറെ ഗുരുതരമായി. ഇതൊക്കെയായിരുന്നു അവർക്ക് പറയാനുണ്ടായിരുന്നത്.

കുട്ടികളുടെ അനുഭവ വിവരണം കേട്ടുകഴിഞ്ഞപ്പോൾ ടീച്ചർ പറഞ്ഞു: 'നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നതും ഇതുപോലെതന്നെയാണ്. നമുക്ക് ആരോടെങ്കിലും വെറുപ്പോ വിദ്വേഷമോ പിണക്കമോ ഉണ്ടെങ്കിൽ അത് എപ്പോഴും നമ്മുടെ മനസിന് ഒരു ഭാരമായിത്തീരും. എന്നു മാത്രമല്ല, അതു നമ്മുടെ അനുദിന ജീവിതത്തെ ദോഷകരമായി ബാധിക്കും. എന്നാൽ, വെറുപ്പും വിദ്വേഷവും വൈരാഗ്യവുമൊക്കെ നമ്മുടെ മനസിൽ നിന്നു പറിച്ചെറിയുവാൻ സാധിക്കുകയാണെങ്കിൽ അതുവഴിയായി നമ്മുടെ മനസിന്റെ ഭാരം കുറയും; ജീവിതം സന്തോഷപ്രദമാകും.'

**ജെ.പി. ദീപിക**

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30–ൽപരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# ദൈവം പ്രതീക്ഷിക്കുന്നത്

**ദൈ**വം സർവ്വ മനുഷ്യരിൽനിന്നും പ്രതീക്ഷിക്കുന്നത് എല്ലാവരും ദൈവത്തെയും അന്യോന്യവും സ്നേഹിക്കണമെന്നാണ്. എന്നാൽ സ്നേഹം നിർവ്യാജമായിരിക്കണം. സമൂഹത്തിൽ ഇന്ന് കാപട്യമാണ് അധികംപേരിലും ഉള്ളത്. എന്തുകൊണ്ടാണ് സത്യസന്ധതയ്ക്ക് പകരം ആളുകൾ കാപട്യമുള്ളവരാകുന്നത്? മനുഷ്യമനസ് മനുഷ്യർക്ക് ആർക്കും വായിക്കുവാൻ സാധ്യമല്ല. എന്നാൽ യേശുക്രിസ്തു മനുഷ്യപുത്രനായി ഈ ലോകത്ത് വന്നപ്പോൾ കണ്ട കാഴ്ച്ച അതു തന്നെയായിരുന്നു. മതപരമായി ഉന്നതസ്ഥാനം അലങ്കരിച്ചിരുന്നവർ ദൈവത്തിൽനിന്നകന്നായിരുന്നു ജീവിച്ചിരുന്നത്. ദൈവകൽപനകൾക്ക് അവരുടെ ജീവിതത്തിൽ വലിയ സ്ഥാനമില്ലായിരുന്നു. അതേസമയം അവർ മനുഷ്യരുടെ സമ്പ്രദായങ്ങൾക്ക് മൂല്യം കൽപിക്കുകയും ചെയ്തു.

കപടവിശ്വാസികളെകൊണ്ട് നിറഞ്ഞിരിക്കുകയാണ് ലോകം. വിശ്വാസികൾ എന്നു പറഞ്ഞുകൊണ്ട് അവിശ്വാസികൾ ചെയ്യുവാൻ അറെക്കുന്ന രീതിയിൽ സംസാരിക്കുകയും പെരുമാറുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. പിന്നെ ഇവരെന്തിനാണ് വിശ്വാസികൾ എന്ന് അവകാശപ്പെടുന്നത്? അതാണ് സംശയം ജനിപ്പിക്കുന്നത്. അവർ തങ്ങളുടെ ലോകപ്രകാരമുള്ള ജീവിതത്തിന് വിശ്വാസജീവിതം ഒരു മറയാക്കിയിരിക്കുകയാണ്. അവർ നിമിത്തം ദൈവനാമം ദുഷിക്കപ്പെടുകയാണ്. വാസ്തവത്തിൽ ദൈവത്തിൽ വിശ്വസിച്ചുകൊണ്ട് ഒരു നല്ല മനുഷ്യനായി എങ്ങനെ ജീവിക്കണമെന്ന് യേശു നമുക്ക് മാതൃക കാണിച്ചുതന്നിരിക്കുകയാണ്.

നാം മനുഷ്യരെ ആരെയും മാതൃകയാക്കരുത്. മറ്റുള്ളവർക്ക് ശരിയും തെറ്റും വേർതിരിച്ച് ബോധ്യമാക്കി കൊടുക്കുവാൻ ആവേശം കാണിക്കുന്നവർ സ്വന്തം കാര്യം വരുമ്പോൾ അത് സൗകര്യപൂർവ്വം മറന്നുകളയുന്നു. ആരെങ്കിലും അതു ചൂണ്ടിക്കാണിച്ചാൽ നിരവധി ന്യായീകരണങ്ങൾ അവർക്ക് നിരത്തുവാനുണ്ടാകാം. അത് കാപട്യമല്ലെങ്കിൽ പിന്നെ എന്താണ്? സ്വാർത്ഥതയാണ് ഇതിന്റെ പിന്നിലുള്ളത്. എനിക്ക് ചെയ്യുവാൻ കഴിയാത്തത് ഞാൻ മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കുവാൻ ശ്രമിക്കരുത്.

സത്യസന്ധമായ സ്നേഹം ഹൃദയത്തിൽനിന്നാണ് വരേണ്ടത്. പുറമെ കാണിക്കുവാൻ വേണ്ടിയുള്ളതല്ല. നാം ദൈവത്തെ സ്നേഹിക്കുന്നതു ഹൃദയപൂർവ്വമായിരിക്കണം. കടപ്പാടുകൊണ്ട് സ്നേഹിക്കുന്നവരുണ്ട്, കാര്യസാധ്യത്തിനായി സ്നേഹിക്കുന്നവരുണ്ട്. അല്ലെങ്കിൽ മനുഷ്യർ സ്നേഹിക്കുന്നത് പല ഉദ്ദേശങ്ങൾക്കാണ്. എന്നാൽ വാസ്തവത്തിലുള്ള സ്നേഹം നാം പഠിക്കേണ്ടത് ദൈവത്തിൽനിന്നാണ്. കാരണം ദൈവം സ്നേഹമാണ്. അവന്റെ സ്നേഹത്തിന് അളവില്ല, വികാരത്താൽ മാറിമറിയുന്ന ഒന്നല്ല ആ സ്നേഹം. സ്നേഹിക്കാത്തവൻ ദൈവത്തെ അറിയുന്നില്ല. സ്വന്ത ജീവനെ നമുക്കായി നൽകിയാണ് ദൈവം നമ്മെ സ്നേഹിച്ചത്. സ്നേഹിക്കുക എന്നാൽ മേടിക്കുകയല്ല, കൊടുക്കുകയാണ്. അത് സമ്പൂർണ്ണമായ സമർപ്പണമാണ്. എന്നാൽ നാമോ സ്നേഹം ഭാവിച്ച് ദൈവത്തിൽനിന്ന് മേടിക്കുവാനും അവനെ കവർച്ച ചെയ്യുവാനുമാണ് ശ്രമിക്കുന്നത്. പ്രാർത്ഥനപോലും ചൂഷണത്തിനുള്ള മാധ്യമമായി മാറി.

സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനുമുള്ള ഒരു വാഞ്ഛ ദൈവത്തിൽനിന്നാണ് നമുക്ക് കിട്ടിയത്. അത് ദൈവത്തിനു പ്രസാദകരമായി നാം നിറവേറ്റണം. നമ്മുടെ സ്വന്തം നിലപാടുകളനുസരിച്ചല്ല നാം അത് അനുഷ്ഠിക്കേണ്ടത്. കാരണം സ്നേഹിക്കുക എന്നതു ദൈവകൽപനയാണ്. നമ്മളെല്ലാം ദൈവത്തെ പൂർണ്ണമായി സ്നേഹിക്കണം. അവൻ കൽപിച്ചതുപോലെ സ്നേഹിക്കേണം.

# ദ്രവ്യാഗ്രഹവും കൗശലവാക്കും

**ബൈ**ബിളിൽ അസാധാരണ സ്വഭാവമുള്ള ഒരാളായിട്ടേ നമുക്കു ബിലെയാമിനെ കാണാൻ പറ്റു. യൂദാ വിവരിക്കുമ്പോൾ, എന്തു കാരണം കൊണ്ടാണ് അവൻ തെറ്റിൽ അകപ്പെട്ടത് എന്നു തെളിച്ചു പറയുന്നുണ്ട്. കൂലി കൊതിച്ചാണ് ആ തെറ്റ് അവൻ പ്രവർത്തിക്കുന്നത്. അത്യാഗ്രഹം ആണ് അവനെക്കൊണ്ട് അത് ചെയ്യിച്ചതു എന്നു സാരം. അവൻ കാംഷിച്ചതു ഉയർച്ചയും പ്രസിദ്ധിയും, പ്രചാരവും, പണവുമായിരുന്നു. അവൻ ഒരു പ്രശ്നക്കാരനായിരുന്നു എന്ന് യോശുവ രേഖപ്പെടുത്തിയിരിക്കുന്നു (യോശുവ 13:22). തന്റെ സാമ്പത്തിക നേട്ടങ്ങൾക്കുവേണ്ടി അവന്റെ പ്രവചന പാടവം ഉപയോഗപ്പെടുത്തി എന്നു പറയാം.



അവന്റെ മറ്റൊരു രസകരമായ സ്വഭാവത്തെ പത്രൊസ് വിവരിക്കുന്നുണ്ട്. “അവൻ അനീതിയുടെ കൂലികൊതിച്ചു എങ്കിലും തന്റെ അകൃത്യത്തിനു ശാസന കിട്ടി; ഉരിയാടാക്കഴുത മനുഷ്യവാക്കായി ഉരിയാടി പ്രവാചകന്റെ ബുദ്ധിഭ്രമത്തെ തടുത്തുവല്ലൊ (2 പത്രൊസ് 2:16). ദ്രവ്യാഗ്രഹം അനേക നൂറ്റാണ്ടുകളിലായി എണ്ണമറ്റ പ്രശ്നങ്ങൾ സമൂഹത്തിൽ വരുത്തിവച്ചിട്ടുണ്ട്. അതിന്റെ പ്രധാനപ്പെട്ട തെളിവാണ് ബിലെയാം (1 തിമൊഥെ. 6:10). ബിലെയാം ബാലാക്കിന്റെ ഭൃത്യന്മാരോടു ബാലാക്ക് തന്റെ ഗൃഹം നിറെച്ചു വെള്ളിയും പൊന്നും എനിക്കു തന്നാലും എന്റെ ദൈവത്തിന്റെ കല്പന ലംഘിച്ചു ഏറെയോ കുറെയോ ചെയ്‌വാൻ എനിക്കു കഴിയുന്നതല്ല” എന്നു പറയുന്നു (സംഖ്യാ 22:18). അവനെ പരീക്ഷിച്ചതു വാസ്തവത്തിൽ എന്തായിരുന്നു എന്നു ഇതിൽ നിന്നു സ്പഷ്ടമായല്ലോ.

ഉല്പത്തി പുസ്തകം 49-ാം അദ്ധ്യായം 4-ാം വാക്യത്തിൽ യാക്കോബ് പറയുന്നതു ബിലെയാമിനു ബാധകമാകുന്നു. “വെള്ളം പോലെ തുളുമ്പുന്നവനേ നീ ശ്രേഷ്ഠനാകയില്ല” പ്രസിദ്ധിയും പൊന്നും പദവിയുമെല്ലാം തന്നേ ശൂന്യമായ കുമിളകൾ പോലെയാണ്.

ബാലാക്ക് രാജാവുമായി വിട്ടുവീഴ്ച ചെയ്തതിന്റെ ഫലമായി ബിലെയാമിന്റെ മനസാക്ഷി ഇസ്രായേലിനെ വിഗ്രഹങ്ങളിലേക്കു തിരിച്ചുവിട്ടു അവരെ വ്യണപ്പെടുത്തി. ഈ സംഭവം അവരെ അന്യദേവന്മാരെ വണങ്ങുവാനും ദൈവത്തിൽ നിന്നു അകന്നു പോകുവാനും അധാർമ്മികത്വത്തിലേക്കും തിരിയുവാനുമിടയാക്കി (സംഖ്യാ 31). സത്യത്തിനുവേണ്ടി നിൽക്കുമ്പോൾ പ്രസിദ്ധിക്കും പദവിക്കും വേണ്ടി ഇളകിപോയാൽ, ചിലപ്പോൾ സാമ്പത്തികമായ ഭദ്രതക്കു വേണ്ടിയായാൽ പോലും, നമ്മുടെ സമ്പാദ്യം തെറ്റായ ദിശയിൽ കൂടി ആയിരിക്കും. സാത്താൻ വളരെ തന്ത്രശാലിയാണ്. നമ്മുടെ ബലഹീനതയെ ചൂഷണം ചെയ്യാൻ ഉറ്റിരിക്കയാണവൻ, അവസാനം സംഭവിക്കുന്നതെന്തെന്ന് പൗലോസ് രേഖപ്പെടുത്തിയിരിക്കുന്നു. “ചിലർ നല്ല മനസ്സാക്ഷി തള്ളിക്കളഞ്ഞിട്ട് അവരുടെ വിശ്വാസകപ്പൽ തകർന്നുപോയി.” ഹുമനയൊസും അലെക്സന്തരും ഈ കൂട്ടത്തിൽ ഉള്ളവർ ആകുന്നു. അവർ ദൂഷണം പറയാതിരിപ്പാൻ പഠിക്കേണ്ടതിനു ഞാൻ അവരെ സാത്താനെ ഏല്പിച്ചിരിക്കുന്നു (1 തിമൊഥെയോസ് 1:19-20). അവർ ദ്രവ്യാഗ്രഹത്തിൽ കൗശലവാക്കു പറഞ്ഞു നിങ്ങളെ വാണിഭം ആക്കും എന്നു പത്രൊസ് എഴുതിയിരിക്കുന്നു (2 പത്രൊസ് 2:3). നേർവഴി വിട്ടു പോകുന്നതിന്റെ കാരണം ആണ് അപ്പൊസ്തലർ പറഞ്ഞിരിക്കുന്നത്.

ഒരിക്കൽ നല്ല പ്രവാചകനായിരിക്കയും പിന്നീട് ദ്രവ്യാഗ്രഹം മൂലം അവന്റെ സ്വഭാവം വ്യതിചലിച്ചുപോകുകയും ചെയ്യുന്നു. അതുകൊണ്ട് യിസ്രായേലിനെ അപകടകരമായ നാശത്തിൽ കൊണ്ടുചെന്നാക്കി. അവന്റെ സ്വാധീനം തെറ്റായ കാര്യങ്ങൾ ചെയ്യുവാൻ അവരെ പ്രേരിപ്പിച്ചു. പിന്നീട് ബിലെയാമിന്റെ ഉപദേശം നിമിത്തം ബാലാക്ക് യിസ്രായേലിനെ വിഗ്രഹാരാധനയിലേക്കും അധാർമ്മിക ജീവിതത്തിലേക്കും നയിച്ചതുപോലെ അന്യഥാ ഉപദേശിക്കുന്നവരെ സൂക്ഷിച്ചുകൊള്ളേണം എന്നു ദൈവം മുന്നറിയിച്ചിട്ടുണ്ടല്ലോ. ദ്രവ്യത്തിന് (പണം, സമ്പത്ത്) പിന്നാലെ പായുന്നവർ പിശാചിനെയാണ് പിൻതുടരുന്നത്. പണത്തിനുവേണ്ടി പ്രവചന, രോഗശാന്തി ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുള്ള ഒരു മുന്നറിയിപ്പാണിത്. അതേസമയം ദ്രവ്യാഗ്രഹികളായ ആത്മീയ ശുശ്രൂഷകരെ തിരിച്ചറിഞ്ഞ് അകറ്റിനിർത്തുവാൻ-അവരിൽ നിന്ന് അകന്നു നിൽക്കുവാൻ വിശ്വാസികൾക്ക് സാധിക്കണം. ബിലെയാം മരിച്ച് നൂറ്റാണ്ടുകൾക്കു ശേഷവും അതു മോശമായ മാതൃകയായി ഇന്നും നമ്മുടെ കൺമുമ്പിൽ തെളിഞ്ഞു നിൽക്കുകയാണ്. നാം അങ്ങനെ ജീവിക്കാതിരിപ്പാൻ കുറ്റരഹിതമായി ജീവിക്കുവാൻ ദൈവം തന്നിരിക്കുന്ന ഉപദേശമാണ് നാം സ്വീകരിക്കേണ്ടത്.



# വേദാഭിമാനിയുടെ മറുപടി

**ധനവാന്റെയും ലാസറിന്റെയും കഥയിലൂടെ ധനവാന്റെ ധനം അവനെ യാതനാസ്ഥലത്തും, ലാസറിന്റെ ദാരിദ്ര്യം അവനെ അബ്രഹാമിന്റെ മടിയിലും എത്തിച്ചു എന്നല്ലാതെ എന്താണ് മനസിലാക്കാൻ കഴിയുക. സമ്പത്തുള്ളവന് സ്വർഗ്ഗപ്രാപ്തി അസാധ്യമെന്നല്ലേ യേശു പറഞ്ഞുവയ്ക്കുന്നത്. ദാരിദ്ര്യം, രോഗം, വേദന, കഷ്ടത ഇതൊക്കെയല്ലേ സ്വർഗ്ഗപ്രാപ്തിയ്ക്കു വേണ്ട ഘടകങ്ങൾ. സത്യസന്ധമായി മറുപടി പറയണം?**

***-ബിജു തങ്കച്ചൻ, മുട്ടമ്പലം, കഞ്ഞിക്കുഴി, കോട്ടയം***

ലാസർ ദരിദ്രൻ ആയതിനാൽ കഷ്ടപ്പെടേണ്ടതായിവന്നു എന്നും "ധനവാൻ" സമ്പന്നൻ ആയിരുന്നതിനാൽ സുഖം അനുഭവിച്ചു എന്നുള്ളതിൽ കൂടുതലായൊന്നും ധനവാന്റെയും ലാസറിന്റെയും ഉപമയിൽ (ലൂക്കോ. 16:19-31) കാണുന്നില്ല. ധനവാന്റെ യാതനയ്ക്കു കാരണമായി എന്തെങ്കിലും പറയുന്നുണ്ടെങ്കിൽ അവൻ ഭൂമിയിൽ സുഖിച്ചു ജീവിച്ചു എന്നുള്ളതുമാത്രമാണ്. നമ്മുടെ കൈവശമുള്ള പണം നമ്മുടെ സ്വന്തമല്ലെന്നും നമ്മുടെ ഇഷ്ടം പോലെ അമിതമായ സുഖഭോഗങ്ങൾക്ക് അവ ഉപയോഗപ്പെടുത്തുവാൻ നമുക്ക് അവകാശമില്ല എന്നുള്ളതാണ് ഈ ഉപമയിൽ വ്യക്തമാക്കപ്പെടുന്ന പ്രധാനപ്പെട്ട കാര്യം. ധനവാൻ തന്റെ ധനത്തെ സംബന്ധിച്ചിടത്തോളം ഒരു കാര്യവിചാരകൻ എന്ന നിലയിൽ അത് കൈകാര്യം ചെയ്തില്ല എന്നതാണ് ആരോപിക്കപ്പെടുന്നതായ കുറ്റം. ലഭിക്കുന്ന പണം സുഖഭോഗജീവിതത്തിനായി വിനിയോഗിക്കുന്നപക്ഷം അതു കാര്യവിചാരകൻ എന്ന നിലയിൽ ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ചുമതലകളിന്മേലുള്ള കൈയ്യേറ്റവും അവിശ്വസ്തതയുമായി പരിണമിക്കുമെന്നും, സമ്പത്ത് നാനാവിധമാക്കി കളഞ്ഞതിന് ശിക്ഷ അനുഭവിക്കേണ്ടതായി വരുമെന്നും നമ്മെ ഗ്രഹിപ്പിക്കാനാണ് ലാസറിന്റെയും ധനവാന്റെയും ഉപമ കർത്താവ് നമ്മുടെ മുൻപിൽ കൊണ്ടുവന്നിട്ടുള്ളത്. മറിച്ച് ധനവാന്മാരെ കുറ്റപ്പെടുത്തുവാനോ ദരിദ്രന്മാരെ പുകഴ്ത്തുവാനോ ഉദ്ദേശിച്ചിട്ടുള്ളതല്ല. ഈ ലോകത്തിലായിരിക്കുമ്പോൾ മനുഷ്യൻ സ്വീകരിക്കുന്ന നിലപാടിന് നിത്യതയോളം ദൈർഘ്യമുള്ള പരിണിതഫലമുണ്ട് എന്ന പാഠമാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.



ഈ ലോകത്തിലെ ധനം ഉള്ളപ്പോൾ തന്നെ ക്രിസ്തുവിനെ തന്റെ വിലയേറിയ നിക്ഷേപമായി കണ്ടുകൊണ്ട് സഹായം അർഹിക്കുന്ന സഹജീവികളോടുള്ള കടപ്പാട് മറക്കാതെ ജീവിച്ചാൽ നിശ്ചയമായും അവകാശം പ്രാപിപ്പാൻ കഴിയും (മത്തായി 13:44, 5:3, 1 തിമോ. 6:17,18) അബ്രഹാം, ദാവീദ്, ഇയ്യോബ് മുതലായ ഭക്തന്മാർ ധനികർ ആയിരുന്നു എങ്കിലും ധനത്തിൽ അവർ ആശ്രയിച്ചില്ല. അത് അവർക്ക് ദൈവവുമായിരുന്നില്ല. അതുകൊണ്ടുതന്നെ സ്വർഗ്ഗപ്രാപ്തിയ്ക്ക് യാതൊരു തടസവമുണ്ടായില്ല.

ഒരുവൻ ദരിദ്രനാണെന്ന ഏകകാരണത്താൽ അവൻ സ്വർഗ്ഗത്തിൽ എത്തുമോ? ഒരിക്കലുമില്ല. അത്യാഗ്രഹികളും ദൈവോന്മുഖമായി ജീവിക്കാതെ, സത്യമാർഗത്തിൽ നിലനിൽക്കാത്ത ഒരുവനും സ്വർഗ്ഗത്തിന്റെ പടിവാതിൽ കാണുകയില്ല.

ഇതാ ധനവാനേയും ലാസറിനെയും മരണം സന്ധിക്കുന്നു. രണ്ടുപേരും മരണം എന്ന യാഥാർത്ഥ്യത്തിനു മുന്നിൽ തുല്യരായി ഇഹലോകത്തിൽ നിന്നു മാറ്റപ്പെടുന്നു. ധനവാൻ യാതനാസ്ഥലത്തും, ലാസർ പറുദീസായിലും എത്തപ്പെട്ടു.

യാതന അനുഭവിക്കുന്ന ധനവാൻ അബ്രഹാമിനെ പിതാവേ എന്നുവിളുക്കുന്നുണ്ടെങ്കിലും അബ്രഹാമിന്റെ ദൈവത്തെക്കുറിച്ച് അവന് ബോധമില്ല. ഇന്ന് ക്രിസ്ത്യാനികളെന്നഭിമാനിക്കുന്ന സമുദായസ്തരായവരുടെ വ്യർത്ഥമായ പ്രാർത്ഥന പോലെ ധനവാന്റെ പ്രാർത്ഥന സ്വർഗ്ഗസ്ഥനായ പിതാവിനോടല്ല അബ്രഹാം പിതാവിനോടാണ്.

ലാസർ വിരലിന്റെ അറ്റം വെള്ളത്തിൽ മുക്കി തന്റെ നാവിനെ തണുപ്പിക്കണമെന്നും തന്റെ സഹോദരന്മാർ യാതനാസ്ഥലത്തുവരാതിരിപ്പാൻ അവർ മാനസാന്തരപ്പെടേണ്ടതിന് ലാസറിനെ അവരുടെ അടുക്കൽ അയച്ച് സാക്ഷ്യം പറയിക്കണമേയെന്നും ധനവാൻ അപേക്ഷിക്കുന്നതായി കാണുന്നു.

അതിനു ലഭിച്ച മറുപടി ശ്രദ്ധേയമാണ്. "മോശയും പ്രവാചകന്മാരും ഉണ്ടല്ലോ. അവരുടെ വാക്ക് അവർ കേൾക്കട്ടെ." ഒന്നുകൂടി വിശദമാക്കിയാൽ ന്യായപ്രമാണവും പ്രവാചകന്മാരും അവർക്കുണ്ടെന്നും ദൈവപ്രമാണം കേട്ടനുസരിച്ച് മാനസാന്തരപ്പെടുക എന്ന ഏക മാർഗ്ഗമേ ഉള്ളൂ എന്നും ഇവിടെ വ്യക്തമാക്കപ്പെടുകയാണ്. ധനവാൻ പ്രവാചകന്മാരെ അംഗീകരിക്കുകയോ, പ്രമാണമനുസരിച്ച് ജീവിക്കുകയോ ചെയ്തിട്ടില്ലായെന്ന് നിഷേധാത്മകമായ മറുപടിയിൽ നിന്ന് വ്യക്തമാണ് (ലൂക്കോ. 16:30). ധനവാൻ യാതനാ സ്ഥലത്തെത്തിയതിന്റെ കാരണവും മറ്റൊന്നല്ല.

നിത്യജീവൻ ലഭിപ്പാൻ മരിച്ചവരോട് പ്രാർത്ഥിക്കുന്നതിൽ ഒരർത്ഥവും ഇല്ലാ എന്ന് ഇവിടെ നിന്നും നമുക്ക് മനസിലാക്കാൻ കഴിയുന്നു. ജീവന്റെ വചനം പ്രസംഗിക്കുന്നവരെ ശ്രവിക്കുകയും ദൈവവചനം വിശ്വസിച്ച്, അനുസരിച്ച് ജീവനോടിരിക്കുമ്പോൾ തന്നെ നിത്യജീവൻ കരഗതമാക്കുകയും ചെയ്യേണ്ടത് ആവശ്യം.

**നിങ്ങളുടെ ഭാഷയിൽ പട്ടത്വസഭകൾ കൂദാശകളിലൂടെ രക്ഷയെന്നു പഠിപ്പിക്കുമ്പോൾ പെന്തക്കോസ്തർ അടിസ്ഥാന ഉപദേശമെന്ന പേരിൽ ചില കാര്യങ്ങൾ പറഞ്ഞു അതിലൂടെ രക്ഷയെന്നു പഠിപ്പിക്കുന്നു. ഒരേ പുസ്തകത്തിലും ഒരേ ദൈവത്തിലും വിശ്വസിക്കുന്നവർ ഇങ്ങനെ ഭിന്നാഭിപ്രായം പുലർത്തി വിശ്വാസികളുടെ അടിസ്ഥാനം മറിച്ചുകളയരുത്?**

***-സി.വൈ.ജോയിക്കുട്ടി, ചെറുവക്കൽ, ആയൂർ, കൊട്ടാരക്കര***

വേദപുസ്തകം ക്രിസ്തീയ ജീവിതം ആരംഭിക്കുന്ന വിധത്തെക്കുറിച്ച് വ്യക്തമായി പഠിപ്പിക്കുന്നത് ശ്രദ്ധിക്കുക:

നിങ്ങൾ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽപ്പിൻ എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും (അ.പ്ര. 2:38).

മാനസാന്തരപ്പെടുക-സ്നാനപ്പെടുക-പരിശുദ്ധാത്മാവിനെ സ്വീകരിക്കുക.



ക്രിസ്തീയ ജീവിതം നാം കെട്ടിപ്പെടുക്കേണ്ട ഏക അടിസ്ഥാനമാണ് ഇവിടെ വ്യക്തമായി ചൂണ്ടിക്കാണിച്ചിരിക്കുന്നത്. എന്നാൽ ഇന്ന് ഈ അടിസ്ഥാനങ്ങൾ നശിപ്പിക്കപ്പെട്ടിരിക്കുകയാണ്! ദൈവം കൽപിച്ച ഏക അടിസ്ഥാനം മനുഷ്യരുടെ പാരമ്പര്യത്താൽ പകരം വയ്ക്കപ്പെട്ടിരിക്കുന്നു.

ദൈവകൽപന അനുസരിക്കുന്നതിനു പകരം മനുഷ്യരുടെ സമ്പ്രദായങ്ങൾ പിന്തുടരുന്നത് ലംഘനമാണ്-പാപമാണ്-എന്ന് യേശു വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ടെന്നുള്ളത് ശ്രദ്ധിക്കേണ്ടതാണ് (മത്താ. 15:6-9).

കർത്താവായ യേശു തന്റെ കാലത്തെ മതഭക്തരായ ആളുകളോടു വീണ്ടും ഇപ്രകാരം പ്രസ്താവിച്ചു. നിങ്ങൾ ദൈവകൽപന വിട്ടുകളഞ്ഞ് മനുഷ്യരുടെ സമ്പ്രദായം പ്രമാണിക്കുന്നു (മർക്കൊ. 7:8).

അനേകർ ഇന്നും ഇതുതന്നെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ദൈവകൽപന വിട്ടുകളഞ്ഞ് മാനുഷിക സമ്പ്രദായങ്ങൾ മുറുകെപിടിക്കുന്നവർ ഭോഷന്മാരെന്ന് ദൈവവചനം വ്യക്തമാക്കുന്നു (മത്താ. 7:26-27). യേശു വ്യക്തമായി പ്രസ്താവിക്കുന്നു: എന്റെ വചനങ്ങളെ കേട്ട് ചെയ്യുന്നവനൊക്കെയും പാറമേൽ വീടുപണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു. വൻമഴ ചൊരിഞ്ഞു, നദികൾ പൊങ്ങി, കാറ്റടിച്ചു ആ വീടിന്മേൽ അലച്ചു. അതു പാറമേൽ അടിസ്ഥാനമുള്ളതാകയാൽ വീണില്ല. കാരണം പാറമേൽ ആയിരുന്നു അതിന്റെ അടിത്തറ (മത്താ. 7:24,25). ഏതാണ് ആ പാറ? യേശുക്രിസ്തു തന്നെ. അവൻ തന്നെ എന്റെ പാറയും എന്റെ രക്ഷയും ആകുന്നു. എന്റെ ഗോപുരവും അവൻ തന്നെ. ഞാൻ ഏറെ കുലുങ്ങുകയില്ല എന്നാണ് സങ്കീർത്തനക്കാരൻ പറയുന്നത് (സങ്കീ. 62:2). അതേസമയം ഭയാശങ്കകളോടെ ദാവീദ് ചോദിക്കുന്നു: 'അടിസ്ഥാനങ്ങൾ മറിഞ്ഞുപോയാൽ നീതിമാൻ എന്തു ചെയ്യും' (സങ്കീ. 11:3).

ഇന്ന് അടിസ്ഥാനങ്ങൾ ഇല്ലാത്ത അഥവാ നശിപ്പിക്കപ്പെട്ടിരിക്കുന്ന വ്യവസ്ഥാപിത സഭകളെയാണ് എവിടെയും കാണുവാൻ കഴിയുന്നത്. അവയെ കാത്തിരിക്കുന്നത് വലിയ ഒരു ദുരന്തമാണ്. അടിസ്ഥാനം തകർന്നാൽ വീട് തകർന്നുപോകും. അതുപോലെ വചനത്തിലടിസ്ഥാനപ്പെടാത്ത ഒന്നും കർത്താവിന് വിശുദ്ധ മന്ദിരമായി വളരുകയില്ല (എഫേ. 2:2). ആകയാൽ അടിസ്ഥാനമില്ലാത്ത പ്രസ്ഥാനങ്ങളിൽ പാരമ്പര്യം പറഞ്ഞ് കാലം കഴിക്കാതെ സാക്ഷാലുള്ള ജീവനെ പിടിച്ചുകൊള്ളേണ്ടതിന് വരുംകാലത്തേക്ക് നല്ല ഒരു അടിസ്ഥാനം നിക്ഷേപിച്ചുകൊൾക (1 തിമോ. 6:19). ഒരു നിമിഷം ചിന്തിച്ചു നോക്കൂ. താങ്കൾ ദൈവകല്പന അനുസരിച്ച് പാറമേൽ വീടുപണിത ബുദ്ധിമാനാകുമോ? അതോ മരണത്തിലേക്കു നയിക്കുന്ന മാനുഷിക പാരമ്പര്യങ്ങളും ആചാരങ്ങളും പിൻതുടർന്ന് മണലിന്മേൽ വീടു പണിത ബുദ്ധിഹീനനെപ്പോലെയാകുമോ? ദൈവത്തേയോ മനുഷ്യരേയോ ആരെ സേവിക്കും? (യോശുവ 24:15). ദൈവത്തെ എങ്കിൽ വചനത്തിലേക്കു മടങ്ങിവരിക. ശരിയായ ക്രിസ്തീയ ജീവിതം പണിയപ്പെടേണ്ടതിനുള്ള അടിസ്ഥാനം (ദൈവകല്പന) മാനസാന്തരപ്പെടുക, സ്നാനപ്പെടുക, പരിശുദ്ധാത്മാവിനെ പ്രാപിക്കുക എന്നുള്ളതാണ്. (അ.പ്ര. 2:38,39). കർത്താവായ യേശു ഇന്ന് അവങ്കലേക്ക് നിങ്ങളെ വിളിക്കുന്നു, നിങ്ങൾ അവന്റെ കല്പന അനുസരിക്കുക.

(കൂദാശകളെക്കുറിച്ചും അടിസ്ഥാന ഉപദേശങ്ങളെക്കുറിച്ചും കൂടുതലായി അറിയാൻ താല്പര്യപ്പെടുന്നവർ ദയവായി മാസികാ വിലാസത്തിൽ ബന്ധപ്പെടുക.)

---

◆ *യോനാപ്രവാചകനെ മഹാമത്സ്യം വിഴുങ്ങി. ദിവസങ്ങളോളം അതിന്റെ വയറ്റിൽ കിടന്നു. പിന്നെ ജീവനോടെ പുറത്തുവന്ന് ആരോഗ്യത്തോടെ നടന്നു പ്രസംഗിച്ചു.... എന്നൊക്കെ ഈ നൂറ്റാണ്ടിൽ പറയാൻ നാണമില്ലേ?*

◆ *വഞ്ചിതരായ വിശ്വാസികൾ, തട്ടിപ്പുവീരന്മാർ എന്നൊന്നും പറയരുത്. അത്ഭുതങ്ങളും അടയാളങ്ങളും ജനം കാണുകയും അനുഭവിക്കുകയും ചെയ്യുന്നതുകൊണ്ടാണ് വിശ്വസിക്കുന്നത്. കാണാനും കേൾക്കാനും ചിന്തിക്കാനും കഴിവുള്ള ഒരു മനുഷ്യനെയും ആർക്കും പറഞ്ഞു പറ്റിക്കാനാവില്ല. അപവാദപ്രചരണം ഇനിയെങ്കിലും അവസാനിപ്പിക്കരുതോ?*

*ഈ ചോദ്യങ്ങൾക്കുള്ള മറുപടി എന്താണ്? അറിയാൻ താൽപര്യമില്ലേ. ആരും പറയാത്ത ഇതുവരെ നിങ്ങൾ കേട്ടിട്ടില്ലാത്ത തികച്ചും വ്യത്യസ്തമായ മറുപടിയ്ക്കായി കാത്തിരിക്കുക.*

This is The Word of God
I Believe It!

# VEDABHIMANI

Annual Subscription Rs. 100/-
RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2012-14

2012 MAY



# ക്രിസ്തുവിനു കണക്കറിയില്ലെന്നോ?

ബി.ജെ.

അമ്പതുലക്ഷത്തിന്റെ ഫ്ളാറ്റ് കിട്ടിയ റിയാലിറ്റി ഷോയിലെ ചെറിയ പെൺകുട്ടിയോട് കൃത്രിമമായ പരിഭവത്തോടെ അവതാരക പറയുന്നു : ഞാനിത്രയുംകാലം പണിയെടുത്തിട്ടും ഇതിന്റെ പത്തിലൊന്നു സമ്പാദിക്കാൻ കഴിഞ്ഞില്ല കൊച്ചേ...! നമ്മൾ ജീവിച്ചുതീർക്കുന്ന ജീവിതത്തിന്റെ മഹത്വം നിർണയിക്കപ്പെടുന്നത് നേട്ടം എന്നൊരു ഉരകല്ലിലാണെന്നോർക്കുമ്പോൾതന്നെ പെരുവിരൽ തൊട്ട് ഒരു വിറയലുണ്ടാകുന്നു.

ഒന്നോർത്താൽ കൃത്യമായ കണക്കുകളിൽ ജീവിക്കേണ്ട ഒരാളായിരുന്നു ക്രിസ്തു. ദീർഘകാലം മരയാശാരിയായിരുന്ന ഒരാൾക്ക് ഗണിതമില്ലാത്ത ഒരു ജീവിതം ഏതാണ്ട് അസാദ്ധ്യം തന്നെയാവണം. ഗണിതം അതിൽത്തന്നെ അത്ര മോശപ്പെട്ട കാര്യമല്ല. ശബ്ദത്തിനും ചലനത്തിനുമൊക്കെ കണക്കുണ്ടാകുമ്പോൾ യഥാക്രമം സംഗീതവും നൃത്തവുമൊക്കെയുണ്ടാവുന്നു. എന്നിട്ടും തന്റെ ജീവിതനിലപാടുകളിലവൻ ഗണിതത്തെ പടിക്കു പുറത്തു നിർത്തി. അവനു കണക്കറിയാത്തതുകൊണ്ടാണ് ക്രിസ്തുവിനോട് തനിക്കിത്രയും പ്രിയമെന്ന് വാൻതുവാൻ കുറിച്ചിട്ടുണ്ട്. ഒരാട് നഷ്ടപ്പെട്ടുപോകുമ്പോൾ തൊണ്ണൂറ്റിഒമ്പതിനെയും വിട്ടിട്ട് പോകുന്നു. ഒന്നാം മണിക്കൂറിൽ വന്നയാൾക്കും പതിനൊന്നാം മണിക്കൂറിൽ വന്നയാൾക്കും ഒരേ ദനാറ കൊടുക്കുന്നു. ക്ഷണിക്കപ്പെട്ടവർ വരാത്തതുകൊണ്ട് പെരുവഴികളിൽ നിന്നും ഇടവഴികളിൽ നിന്നും തേടിപ്പിടിക്കാവുന്ന എല്ലാവരെയും യോഗ്യതകൾ പരിശോധിക്കാതെ അയോഗ്യതകൾ നിന്ദിക്കാതെ സ്വാഗതം ചെയ്യുന്നു. അത്തരമൊരാളെക്കുറിച്ചെത്താവുന്ന സത്യസന്ധമായ അനുമാനമാണത്.

ആത്മീയത കഠിനമായ പ്രായോഗിക വാദത്തിന്റെ പ്രതിരോധമെന്ന രീതിയിലാണതിന്റെ ഇടം നിലനിർത്തേണ്ടത്. 'The Cup' എന്നൊരു ചലച്ചിത്രമുണ്ട്. ഫുട്ബോൾകമ്പം തലയ്ക്കു പിടിച്ച ഒരു ബുദ്ധവിഹാരത്തിലെ കുഞ്ഞുങ്ങളെ ആധാരമാക്കിയാണത്. ലോകകപ്പിന്റെ ഫൈനലാണ്. ഒരു ടി.വി. സെറ്റ് അവർ വാടകയ്ക്കെടുക്കുന്നു. കയ്യിലുള്ള പണം തികയാഞ്ഞിട്ട് അവരിലൊരാളുടെ വാച്ച് ഈട് വയ്ക്കേണ്ടതായി വന്നു. കളി നടക്കുമ്പോളൊക്കെ വാച്ച് കൊടുക്കേണ്ടിവന്നവൻ ദുഃഖിതനാണെന്ന് എല്ലാത്തിനും ചരട് വലിക്കുന്ന കുറുമ്പൻകുട്ടി ശ്രദ്ധിക്കുന്നു. ആ വാച്ച് വീണ്ടെടുക്കുവാൻ അവൻ തന്റെ കൈവശമുള്ള, യഥാർത്ഥത്തിൽ ആവശ്യമുള്ളതിനെക്കാൾ പല മടങ്ങു മൂല്യമുള്ളവയൊക്കെ പെറുക്കികെട്ടി പുറത്തേക്ക് ഓടിപ്പോകുമ്പോൾ ആശ്രമാധിപൻ എതിരെ നില്പുണ്ട്. അയാളവനെ വാത്സല്യപൂർവ്വം ചേർത്തുപിടിച്ച് ഇങ്ങനെ പറയുന്നുണ്ട്: നിനക്ക് കണക്കറിയില്ല തീരെ, അതുകൊണ്ട്, നീയൊരു സന്ന്യാസിയാകാനുള്ളയാൾ തന്നെ!

കൊട്ടാരത്തിലേക്കുള്ള ക്ഷണം വരുമ്പോൾ അതിനോട് വിസമ്മതം കാട്ടി ത്യാഗരാജസ്വാമികൾ മിഴിപൂട്ടി ഇങ്ങനെ പാടിത്തുടങ്ങുന്നു: നിധി ചാല സുഖമോ, സന്നിധി സേവ സുഖമോ-നിധിയെക്കാൾ എനിക്ക് പ്രധാനം ഈശ്വര സന്നിധിയിലെ ഉപാസനയെന്ന് സാരം.

തന്നെ തേടിയെത്തിയ കുറച്ചധികം മനുഷ്യരോട് അപ്പം ഭക്ഷിച്ചതുകൊണ്ടു മാത്രമാണ് നിങ്ങളെന്നെ തിരയുന്നതെന്ന് ഗുരു സങ്കടപ്പെടുന്നു. അങ്ങ് ഞങ്ങൾക്കെന്തു തരുമെന്നാരാഞ്ഞെത്തിയ ശിഷ്യരോട്, നിങ്ങൾക്കെന്തു കൊടുക്കാനാവുമെന്ന് ചോദിച്ചവരുടെ ജീവിതത്തിന്റെ ദിശയെ നൂറ്റിയെൺപതു ഡിഗ്രി തിരിച്ചുവിടുന്നയാളാണത്. നിങ്ങൾ ശേഖരിച്ചുവച്ച ജീവിതമല്ല, ചിതറിച്ചു കളഞ്ഞ ജീവിതമാണ് നിങ്ങളെ നിശ്ചയിക്കുന്നതെന്ന് അവൻ പഠിപ്പിച്ചു.

# തൊട്ടതും തൊടാതിരുന്നതും

ആധുനിക മനുഷ്യന്റെ അസ്തമിക്കാത്ത ആശ അവനെ നാശത്തിന്റെ അഗാധ ഗർത്തങ്ങളിലേക്ക് തള്ളിത്താഴ്ത്തിക്കൊണ്ടിരിക്കുന്നു. ഒരു പഴഞ്ചൊല്ലുണ്ട്, "ആണിനു പെണ്ണാശ, പെണ്ണിനു പൊന്നാശ, ആണിനും പെണ്ണിനും മണ്ണാശ." മണ്ണിൽ നിന്നും മെനഞ്ഞെടുക്കപ്പെട്ടവനും അവസാനം മണ്ണിനെ പുൽകേണ്ടവനും ആയ മനുഷ്യൻ നശ്വരവും ഹ്രസ്വവുമായ ജീവിതകാലത്ത് അവന്റെ സ്വന്തമല്ലാത്ത മണ്ണ് പിടിച്ചുവച്ച് ഉടമസ്ഥാവകാശം ഉന്നയിക്കുമ്പോൾ ദൈവംപോലും ചിരിക്കുന്നുവെന്ന് ചില കവികൾ പാടിയിട്ടുണ്ട്. തിരുവചനം പറയുന്നു, "ഭൂമി എന്റേതാണ്. നിങ്ങൾ പരദേശികളും കുടികിടപ്പുകാരുമാണ്" (ലേവ്യ. 25:23). ഭൂമിയിൽ താൻ പരദേശിയും കൂടാരവാസിയും ക്ഷണികമായ ജീവിതത്തിനു ഉടമയുമാണെന്ന് തിരിച്ചറിയുന്നവനാണ് ക്രിസ്തുശിഷ്യൻ. യേശുവിന്റെകൂടെ നടക്കുമ്പോഴും കൂട്ടത്തിലാകാതെ പോകുന്നവന്റെ സങ്കടം ശിഷ്യത്വത്തിന്റെ ദുരന്തമാണ്. ഒപ്പം, അകലെയായി അനുഗമിക്കുമ്പോഴും, അവന്റെ തൊട്ടടുത്ത്, അവനിൽത്തന്നെയായിത്തീരുന്നതിന്റെ അനുപമ ഭാഗ്യവും അതേ ശിഷ്യത്വത്തിന്റെ മറ്റൊരു വൈചിത്ര്യം.



അവനെ തിക്കിത്തിരക്കിയ പത്രോസ് അവനെ തൊടാതിരുന്നതും, വസ്ത്രത്തിന്റെ അരിക് പറ്റിയ മറ്റൊരാൾ അവനെ തൊട്ടതും ചരിത്രം. തൊട്ടത് കൈകൊണ്ടല്ല; തൊടാതിരുന്നതും.

സുഹൃത്തെ ഇനി പറ, നീ അവനെ വെറുതെ തിക്കിത്തിരക്കുന്നതേയുള്ളോ, അതോ ശരിക്കും അവനെ തൊടാൻ, സ്വന്തമാക്കാൻ, അവനിലായിത്തീരാൻ കൊതിക്കുന്നുണ്ടോ?

## ഡയലോഗ്

ടൈറ്റസ് കാർത്തികപ്പള്ളി

പാട്ടും പ്രാർത്ഥനയും കൺവെൻഷനും ഉണർവ്വുയോഗവും ഉപവാസപ്രാർത്ഥനയും നാലു ചുറ്റും നടക്കുന്നുണ്ടെന്നിരിക്കെ ആത്മീയം കാണാനില്ലാ എന്ന് വിലപിക്കുന്നതെന്തിന്.

*സിനു പാപ്പച്ചൻ, തീക്കോയി, അടുക്കം, കോട്ടയം*

☹ **കുട്ടനാട്ടിൽ നാലുചുറ്റും വെള്ളമാണ്. പറഞ്ഞിട്ടെന്താ കാര്യം കുടിക്കാൻ വെള്ളമില്ല. നാലുചുറ്റും ആടിത്തിമിർക്കുന്ന ആത്മീയത്തിന്റെ കാര്യവും അങ്ങനെതന്നെ.**

☺ ഏതാത്മീയ വാദിയിലും യുക്തിവാദം, ഭൗതികവാദം, വർഗ്ഗീയവാദം ഒക്കെ ഒളിഞ്ഞുകിടപ്പുണ്ട് എന്നു പറഞ്ഞാൽ.

*എം.വി. ജോൺ, പുത്തൻപാലം, ചിങ്ങവനം*

☹ **ഏതുവാദത്തിന്റെയും അടിസ്ഥാനം നിലനില്പ്പാണെന്നു ഞാൻ പറയും.**

☺ വേദികളിൽ വിലസുന്ന വിലയേറിയ ദാസന്മാരെ എന്താണു വിളിക്കേണ്ടത്.

*ഷേർളി സാമുവേൽ കോണിപ്പാട്ട്, മേലുകാവ്, മറ്റം, കോട്ടയം*

☹ **കുറുക്കന്മാർ**

☺ കുറെ വിശ്വാസികളേയും ശുശ്രൂഷകന്മാരെയും വിട്ടുതന്നാൽ അവരെയാദ്യം എന്തായിരിക്കും പരിശീലിപ്പിക്കുക.

*മനു, കുമ്പളം, പേരയം, കുണ്ടറ*

☹ **മനുഷ്യന്റെ ജന്മവാസനയായ ചൂഷണത്തെ മറികടക്കാൻ അവരെ പരിശീലിപ്പിക്കും.**

☺ എന്റെ ജീവിതമാണ് എന്റെ സന്ദേശമെന്നു പറയാൻ നമ്മുടെ നേതാക്കന്മാർക്കു കഴിയുമോ.

*അക്സാ ചെറിയാൻ, ചാപ്രപടവ്, മടക്കാട്, കണ്ണൂർ*

☹ **എന്റെ ജീവിതമാണ് എന്റെ സമ്പാദ്യം എന്നേ അവർക്കു പറയാൻ കഴിയൂ.**

☺ തട്ടിപ്പുവീരന്മാർക്കായൊരുപദേശം

*ജെസി ജോർജ്, മാമങ്കലം, പാലാരിവട്ടം, കൊച്ചി*

☹ **ഉപദേശം കൊണ്ടു മാറുന്ന അസുഖമല്ലവരുടേത്. കൈക്കും കാലിനും ഓപ്രേഷൻ തന്നെ വേണം.**




Printed, Published and owned by Titus Kply, Punnoothara, Kerala 690 516. Layout: Logi : 9495507765, Printed at St. Paul's Offset Mavelikara.
Published at: Punnuthara, Karthikappally, Alappuzha Dist., Kerala. Editor : Titus Karthikappally